(സി) ഇപ്പോൾ പഞ്ചാംഗങ്ങൾ തയാറാക്കുന്നതിൽ വ്യത്യാസങ്ങൾ കാണുന്നതുകൊണ്ട് ശാസ്ത്രീയമായ അടിസ്ഥാനത്തിൽ പഞ്ചാംഗം ഗണിക്കാൻ ഒരു പദ്ധതി ആസൂത്രണം ചെയ്യുന്നതിന്".

Resolutions on matters of General Public Interest

Mr. Speaker : Now that all the questions have been finished, we shall pass on to the resolutions tabled for discussion today. The first resolution stands in the name of Mr. P. Kunjukrishnan.

Resolution *re:* Supply of Manure

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ : "കർഷകർക്ക് സുലഭമായും ആദായകരമായും വളം ലഭ്യമാകുന്നതിനു് ഉപയുക്തമായ പദ്ധതികൾ ആസൂത്രണം ചെയ്തു കാര്യക്ഷമമായ നിലയിൽ നടപ്പിലാക്കേണ്ടതാണെന്നു് ഈ അസംബ്ളി തീരുമാനിക്കുന്നു." ഇതാണു് ഞാൻ സഭയുടെ പര്യാലോചനയ്ക്കായി സമർപ്പിക്കുന്ന പ്രമേയം. സർ, കർഷകർക്ക് സുലഭമായും ആദായകരമായും വളം ശേഖരിക്കുവാൻ ഉപയുക്തമായ പദ്ധതികൾ ആസൂത്രണംചെയ്തു കാര്യക്ഷമമായ നിലയിൽ നടപ്പിലാക്കുന്നതിനു് ഇപ്പോൾ ഗവണ്മെൻറിൽ നിന്നും പലതും ചെയ്തുവരുന്നതായി എനിക്കറിയാം. എന്നാൽ അതു് കൂടുതൽ കാര്യക്ഷമമാക്കി തീർക്കണമെന്നുള്ളതാണു് എൻറെ പ്രമേയം കൊണ്ടു് ഉദ്ദേശിക്കുന്നതു്. എന്തെന്നാൽ വളത്തിൻറെ കാര്യം, അതുമൂലമുണ്ടാകുന്ന കൂടുതൽ ഉല്പാദനം നമ്മുടെ രാജ്യത്തിൻറെ സാമ്പത്തികഭദ്രതയെ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള ഒരു കാര്യമാണു്. വളത്തിൻറെ ശാസ്ത്രീയമായ ഗുണത്തെ സംബന്ധിച്ചു് ഇപ്പോൾ പറയുന്നതിനു ഞാൻ വിചാരിക്കുന്നില്ല. അങ്ങനെ പറയുന്നതിനും ചിന്തിക്കുന്നതിനും ഉള്ള അവകാശം ശാസ്ത്രജ്ഞന്മാർക്കാണു്. എന്നാൽ ഒരു കർഷകനെന്ന നിലയിലും പൊതു ഒരു സാധാരണ നാട്ടുകാരൻറെ നിലയിലുമാണു് ഞാൻ ഈ പ്രശ്നത്തെ അഭിമുഖീകരിക്കുവാൻ വിചാരിക്കുന്നതു്. നമ്മുടെ രാജ്യം ഒരു കർഷകരാജ്യമാണെന്നാണു് നാം ആദ്യമായി പഠിക്കുന്നതു്. എന്നാൽ നമുക്കു് ആവശ്യമുള്ളത്ര ആഹാരസാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ സാധിക്കുന്നില്ലെന്നുള്ളതു് വാസ്തവമാണു്. എത്ര പരിശ്രമിച്ചാലും നമുക്കു ആവശ്യമുള്ളതിൽ ൪൦ ശതമാനം ആഹാരസാധനങ്ങൾ മാത്രമേ ഉല്പാദിപ്പിക്കുവാൻ സാധിക്കുന്നുള്ളു. കാലോചിതമായ വൈഷമ്യങ്ങൾ നമ്മുടെ രാജ്യത്തെ സംബന്ധിച്ചു് വളരെയുണ്ടു്. ഈ രാജ്യത്തിൽ വളരെ വിസ്തൃതമായ വനവിഭാഗങ്ങളും തടാകങ്ങളും കഴിഞ്ഞാൽ എതാനുംഭാഗം സ്ഥലം മാത്രമേ ഭൂമിയായി എടുക്കുവാൻ നിവർത്തിയുള്ളു. അതിൽതന്നെയും ആഹാരസാധനങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള ഭൂമി വളരെ കുറവാണു്. വനങ്ങൾ വെട്ടിത്തെളിച്ചു് കൃഷി ചെയ്യണം എന്നൊരു അഭിപ്രായമുണ്ടെങ്കിലും അതിനു് പരിമിതിയുണ്ടു്. വ്യക്തിപരമായി പറയുകയാണെങ്കിൽ എൻറെ അഭിപ്രായം വനങ്ങൾ രാജ്യത്തിൻറെ വലിയ ഒരു സമ്പത്തു് ആണെന്നും അതുകൊണ്ടു് കഴിവുള്ളിടത്തോളം വനങ്ങൾ നശിപ്പിക്കുവാൻ പാടില്ലെന്നുമാണു്. എന്നാൽ അത്യാവശ്യമായ നിലയിൽ മാത്രമേ അതിൽ കൈവയ്ക്കുവാൻ പാടുള്ളു. കായൽ നികത്തി കൃഷിചെയ്യുന്നതിനുള്ള പദ്ധതി നമുക്കു് കഴിവുള്ളിടത്തോളം സ്വീകരിക്കാവുന്നതാണു്. ഈ നിലയിൽ നോക്കുമ്പോൾ കടൽകൃഷി സംപ്രദായം മാത്രമേ നമുക്കു കരണീയമായിട്ടുള്ള. അന്യരാജ്യങ്ങളിൽ നിന്നു് ആഹാരം കിട്ടുന്നതിനുള്ള പ്രയാസവും അതുകൊണ്ടു് നമുക്കു വന്നിരിക്കുന്ന ബുദ്ധിമുട്ടും എത്രയാണെന്നു് നമുക്കറിയാം. നമ്മുടെ കർഷകർ ഇന്നും പഴയ രീതിയിൽ മാത്രം കൃഷി ചെയ്തുവരികയാണു് ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശാസ്ത്രീയമായ കൃഷിസംപ്രദായമോ വളം ഉപയോഗിക്കുന്നതിനുള്ള രീതിയോ അവക്ക് അറിയുവാൻ പാടില്ല. വിശേഷിച്ചും നെൽകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവക്ക് അതു് ആദായകരമല്ലാത്ത ഒരു കൃഷിയായി തീർന്നിരിക്കുന്നു. പരിഷ്കൃതരാജ്യങ്ങളിൽ നോക്കുകയാണെങ്കിൽ ശാസ്ത്രീയമായ കട്ടംകൃഷി സംപ്രദായം ഏർപ്പെടുത്തിക്കൊണ്ടു് അനേകം മടങ്ങു് ഉല്പാദനം ഉണ്ടാക്കുന്നുണ്ടെന്നു് നമുക്കറിയാം. നമ്മുടെ വനങ്ങളിൽതന്നെ ചില ഭാഗത്തു് ഇരുന്നൂറും, ഇരുന്നൂറൻപതും മേനിവരെ നെല്ലു് വിളയുന്നു എന്നു നാം അറിയുന്നു. അതു് വളത്തിന്റെ ഗുണമാണു്. അതുവച്ചു് നോക്കുമ്പോൾ വളം കൃഷിയുടെ കായ്ത്തിലും കൂടുതൽ ഉല്പാദനം ഉല്പാദിപ്പിക്കുന്ന കായ്ത്തിലും ഏറ്റവും പ്രധാനപ്പെട്ടതാണു്. അതുപോലെതന്നെ നല്ല വിത്തു് ശേഖരിച്ചു് അതു് വിതരണം ചെയ്യുക, മണ്ണിന്റെ ഗുണദോഷങ്ങൾ ശാസ്ത്രീയമായി പരിശോധിച്ചു് അതു് പ്രയോജനപ്രദമാക്കുക, വളം ബുദ്ധിപൂർവ്വമായി തെരഞ്ഞെടുത്തു് സുലഭമായും കായ്ക്ഷമമായും വിതരണം ചെയ്യുക, ജലസേചനപദ്ധതികൾ കായ്ക്ഷമമായി നടപ്പിലാക്കുക, കൃഷിമേധികൾ സഹകരണസംഘാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു് കൃഷിചെയ്യുന്നതിനു് വേണ്ടതു പ്രോത്സാഹനം ചെയ്യുക, ഇതെല്ലാം ചെയ്യുന്നതായാൽ ഇവിടെ ഉല്പാദനം വർദ്ധിപ്പിക്കാം. ഇപ്പോൾ നമ്മുടെ മുമ്പിൽ ഇരിക്കുന്ന പ്രശ്നം വളം എങ്ങനെ നമുക്കു സംഭരിക്കാം, എങ്ങനെ സുലഭമായും കായ്ക്ഷമമായും അതു് വിതരണം ചെയ്യുന്നതിനു് കഴിയും എന്നുള്ളതാണു്. ഈ വളങ്ങളെപ്പറ്റി പറയുമ്പോൾ ശാസ്ത്രജ്ഞന്മാർ പറയുന്നു പല പല തരത്തിലുള്ള വളങ്ങളുണ്ടെന്നു്. ഫലങ്ങൾക്കും കിഴങ്ങുകൾക്കും വളരെ മാധുര്യം കൊടുക്കുന്ന ചില പ്രത്യേക വളം ഉണ്ടു്. അതു് പ്രയോഗിക്കാം. അതുപോലെതന്നെ വളരെ കൂടുതൽ ഉൽപ്പാദനം ഉണ്ടാക്കുന്ന വളം ചില പ്രത്യേക മണ്ണിനോടു് യോജിപ്പിച്ചാൽ കൂടുതൽ ഉല്പാദനം ഉണ്ടാക്കുവാൻ സാധിക്കുമെന്നു പറയുന്നു. ചില വളങ്ങൾ പ്രാണിശല്യം കുറയ്ക്കുന്നതിനും അങ്ങനെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സഹായിച്ചു എന്നും പത്രങ്ങളിൽ പറയുന്നു. മറ്റു ചിലതു് ഫലങ്ങളുടേയും വൃക്ഷങ്ങളുടേയും വളർച്ചയേയും ചെടികളുടെ വളർച്ചയേയും സഹായിക്കുന്നതിനു് ഉപകരിക്കുന്നവയാണു്. മറ്റുചില വളങ്ങൾ കായും പൂവും ഉണ്ടാകുന്നതിനും അങ്ങനെ ധാന്യങ്ങളും ഫലങ്ങളും ഉണ്ടാകുന്നതിനും ഉപകരിക്കുന്നു. അതുപോലെതന്നെ വേറെ ഒരുതരം വളം മണ്ണിലുള്ള സ്വതസിദ്ധമായ ഗുണത്തെ ശരിക്കാവാഹിച്ചെടുത്തുകൊണ്ടുവന്നു് അതിനെ കൂടുതൽ പ്രവർത്തിക്ഷമമാക്കുന്നു. ഇങ്ങനെ പലതരം വളങ്ങളുണ്ടു്. അതിനെ സംബന്ധിച്ചു് നമ്മുടെ കൃഷിക്കാർക്കു് എന്തറിവാണു് ഉള്ളതെന്നു് ഞാൻ ചോദിക്കുന്നു. നമ്മുടെ നാട്ടിലെ കർഷകർ പ്രായേണ അതിനെപ്പറ്റിയെല്ലാം വെറും അജ്ഞന്മാരായി കഴിയുകയാണു്. പത്തോ, ഇരുന്നൂറോ, അഞ്ഞൂറോ കൊല്ലംമുമ്പു് ഉണ്ടായ സംപ്രദായംതന്നെ സ്വീകരിച്ചുകൊണ്ടാണു് ഇപ്പോഴും കൃഷി ചെയ്യപ്പോരുന്നതു്. അതു മതിയോ? നമ്മുടെ രാജ്യത്തെ ജനസംഖ്യ വളരെ വർദ്ധിച്ചുവരുന്നു. കഴിഞ്ഞ ഒരുസംബ്ദിയിൽ ജനസംഖ്യ വർദ്ധനവിനെ നിയന്ത്രിക്കുന്നതിനു് ഒരു റസല്യൂഷൻതന്നെ പാസ്സാക്കിയിട്ടുണ്ടു്. അതേ അവസരത്തിൽ നമ്മുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ ഗവണ്മെന്റു ഉത്സാഹിക്കുന്നുണ്ടു്. വളരെ കായ്ക്ഷമമായ രീതിയിൽ ചൈന, ജപ്പാൻ മുതലായ പരിഷ്കൃതരാജ്യങ്ങളിൽ കട്ടംകൃഷി സംപ്രദായം എങ്ങനെ വിളവു വർദ്ധിപ്പിക്കുന്നു എന്നു നോക്കി അതുപ്രകാരം ഇവിടെയും ചെയ്യണം. ഇവിടെ ഉല്പാദനം വർദ്ധിപ്പിക്കേണ്ടതു് നമ്മുടെ സാമ്പത്തിക സ്ഥിതി ഉയർത്തുന്നതിനു് അത്യാവശ്യമല്ലേ? അതുകൊണ്ടാണു് ഞാൻ പറയുന്നതു് ഈ പ്രശ്നം നമുക്കു് ഏറ്റവും പ്രധാനപ്പെട്ട ഇനങ്ങളിൽ ഒന്നാണു് എന്നു്.

LIBRARY ARCHIVES Kerala Legislative Assembly

[Sri P. Kunjukrishnan]

എന്നു്. നമ്മുടെ കൃഷി ഡിപ്പാർട്ടുമെൻറും ഗവൺമെൻറും ഇവിടത്തെ ഉല്പാദനങ്ങളും വർദ്ധിപ്പിക്കുന്നതിനു് വളരെ കായ്ക്കളും ഇപ്പോൾ ചെയ്യുവരുന്നുണ്ടു്. വളരെ കൂടുതൽ വിളവുകളും ഉണ്ടാക്കുവാൻ നമുക്കു് സാധിക്കുകയും ചെയ്യുന്നുണ്ടു്. എന്നാൽ കൂടുതൽ അതു് കായ്ക്ഷമമാക്കേണ്ടതു് ആവശ്യമാണു്. വളം സംഭരിക്കുക, ഉല്പാദിപ്പിക്കുക, വിതരണം ചെയ്യുക, അതു് ഉപയോഗിക്കേണ്ട രീതി ജനങ്ങളെ പഠിപ്പിക്കുക ഈ കായ്ക്കളിൽ കൂടുതൽ കായ്ക്ഷമമായ പ്രവർത്തനങ്ങളും നടത്തേണ്ടിയിരിക്കുന്നു. എന്റെ അഭിപ്രായത്തിൽ ജനങ്ങളുംകൂടി ഇതിൽ സഹകരിക്കത്തക്കവണ്ണം ഏതെങ്കിലും കമ്മറിയോ മറ്റു പ്രായോഗികമായ പദ്ധതികളോ ഉണ്ടാക്കി പ്രവർത്തി നടത്തണം എന്നാണു്.

ശ്രീ. സി സി. പ്രസാദ്: ഒരു ചോദ്യം—രണ്ടുദിവസം—

Mr. Speaker: Order, order.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: അതുപോലെ തന്നെ നമ്മുടെ രാജ്യത്തിന്റെ ഒരറ്റംമുതൽ മറ്റേ അറ്റംവരെ നോക്കിയാൽ കൃഷിക്കാർ പ്രകൃത്യാലുള്ള വളം ഉപയോഗിച്ചു് പഴയരീതിയിൽ കൃഷിചെയ്യുകയാണു് എന്നു കാണാം. അതുകൊണ്ടു് കഴിവുള്ള എല്ലാ സമാനങ്ങളിലും ആധുനിക കൃഷിസ്ഥലമുണ്ടാക്കി അവിടെ പുതിയതരത്തിലുള്ള വളങ്ങളും, അതായതു് മണ്ണിനു് പറ്റിയ വളം, ഉപയോഗിച്ചു് കൃഷി ചെയ്യുന്നതിനുള്ള മാർഗ്ഗദർശനം കൊടുക്കേണ്ടതു് അത്യാവശ്യമാണു്. അതിനുവേണ്ട പ്രചരണം ലഘുലേഖകളും വഴിയായും പ്രസംഗങ്ങളും വഴിയായും ഗവൺമെൻറിന്റെ നേതൃത്വത്തിൽ ചെയ്യണമെന്നാണു് എന്റെ അഭിപ്രായം.

വളങ്ങളുടെ കായ്ം പറയുമ്പോൾ കൂട്ടുവളത്തിന്റെ കായ്മാണു് പ്രധാനമായിട്ടു നമ്മുടെ ശ്രദ്ധയിൽ പെടുന്നതു്. കൂട്ടുവളം വളരെ ഉപയോഗമുള്ളതാണെന്നു ഈ അസംബ്ലിയിൽ വിതരണം ചെയ്തിട്ടുള്ള ഒരു പുസ്തകത്തിൽ തന്നെ പറയുന്നു. ആ പുസ്തകം ഭക്ഷ്യോല്പാദനബോർഡിന്റെ വകയായിട്ടുള്ളതാണു്. അതിൽനിന്നും ചില ഭാഗങ്ങളും ഞാൻ വായിക്കാം.

ശ്രീ. പൊന്നറ ജി. ശ്രീധർ: ആ വായിക്കുന്ന പുസ്തകം എന്താണെന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: അതു എന്താണെന്നുള്ളതിനെപ്പറ്റി പറഞ്ഞു കഴിഞ്ഞു. ഇനി അതു വായിക്കുമ്പോൾ മനസ്സിലാകും.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഭക്ഷ്യോല്പാദനം ചുരുങ്ങിയ ചെലവിൽ വർദ്ധിപ്പിക്കുന്നതിനു് സുലഭമായ ഒരു നടപടിയാണു് കൂട്ടുവള നിർമ്മാണം. ജപ്പാൻ ചൈന മുതലായ രാജ്യങ്ങളും ഇതിലേക്കു് ഉത്തമ സാക്ഷ്യം വഹിക്കുന്നുണ്ടു്. ആ രാജ്യങ്ങളിലെ നെൽവിളവു് ഇൻഡ്യയെ അപേക്ഷിച്ചു് മൂന്നുനാലു് മടങ്ങു കൂടുതലാണല്ലൊ. ജപ്പാനിലും ചൈനയിലുമുള്ള കൃഷിക്കാർ അവരുടെ പാടങ്ങളിൽ കൂട്ടുവളം ധാരാളമായി ഉപയോഗിച്ചു വരുന്നതാണു അതിനു കാരണം. കന്നുകാലികളുടെ എണ്ണം ജപ്പാനിൽ ഇൻഡ്യയിൽ ഉള്ളതിനേക്കാൾ കുറവാണെങ്കിലും ശരാശരിയായി ആ നാട്ടിൽ, പാടങ്ങളിൽ ഏക്കറൊന്നിനു നാലഞ്ചുടൺ കൂട്ടുവളമാണു് ഇട്ടുവരുന്നതു്. നേരേമറിച്ചു് ഇൻഡ്യയിൽ മുക്കാൽ ടൺ മാത്രമേ ഉപയോഗിച്ചു കാണുന്നുള്ളു. അവിടെ നാലഞ്ചു ടൺ കൂട്ടുവളം ഉപയോഗിക്കുമ്പോൾ ഇവിടെ വെറും മുക്കാൽ ടൺ വളമാണു് ഉപയോഗിക്കുന്നതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ആ പുസ്തകം ഞങ്ങളെല്ലാം വായിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: അപ്പോൾ നമ്മുടെ ഉല്പാദനം എത്ര മോശമാണെന്ന മനസ്സിലാക്കാൻ കഴിയുന്നതാണ്. എന്റെ ഒരു മാന്യ സ്നേഹിതൻ വളരെ ആശങ്കയോടെ ഇതു വായിച്ചിട്ടുണ്ടെന്നും മറ്റും പറയുന്നതു കേട്ടു. ഇത്ര പ്രാധാന്യമേറിയ കാര്യങ്ങൾ കുറേക്കൂടി ഇംപ്രസീവ് ആക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇതു വായിച്ചതു്. അതിനു് അദ്ദേഹം ഇത്ര വെപ്രാളം കാണിക്കേണ്ടതില്ലായിരുന്നു.

മിസ്റ്റർ സ്പീക്കർ: വെപ്രാളം എന്ന പദം പിൻവലിക്കണം.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഞാൻ പിൻവലിച്ചിരിക്കുന്നു. ഇത്ര തിടുക്കം അദ്ദേഹം കാണിച്ചതെന്തിനാണ്. ഈ മാതിരി കാര്യങ്ങൾ ഗവൺമെന്റിന്റെയും ജനങ്ങളുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതു് വളരെ ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം. ഗ്രാമങ്ങളിൽനിന്നും അഞ്ചുകോടി ടണ്ണും പട്ടണങ്ങളിൽനിന്നും ഒരുകോടി ടണ്ണും കൂട്ടുവളം ഉണ്ടാക്കിയെടുത്തു് വളക്ഷാമത്തിനു് വേണ്ട പരിഹാരംനേടി ഭക്ഷ്യസമൃദ്ധി കൈവരുത്തണമെന്നുള്ളതാണ് ഇപ്പോഴത്തെ ലക്ഷ്യം. ഫൻ ർ ൻ – ഭ ം-ൽ ഇൻഡ്യയിൽ മൊത്തം ന്യൂ. ലക്ഷം ടൺ കൂട്ടുവളം മാത്രമാണ് ഉണ്ടാക്കുവാൻ കഴിഞ്ഞതു്. ഇതിൽനിന്നു് എത്രമടങ്ങു കൂട്ടുവളം നാം ശ്രമിക്കുകയാണെങ്കിൽ നമുക്കുല്പാദിപ്പിക്കുവാൻ കഴിയും. അതുപോലെതന്നെ കർഷകരുടെ ചില തെറ്റായ നടപടികളും മൂലം ഇൻഡ്യയിൽ ആണ്ടുതോറും ൭ ഭ ലക്ഷം ടൺ പാകൃജനകവും ഫാസ്ഫോറിക്കാസിഡും ആണ് നഷ്ടപ്പെടുന്നതു്. ഇതിനു് ഉദ്ദേശം ൭ ഭ ം കോടി രൂപയോളം വിലവരും. കൃഷിക്കു മൗലപ്രധാനമായ വളാംശങ്ങൾക്കു ഇത്ര ഭീമമായ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ വിളവു വളരെ കുറഞ്ഞുപോകുന്നതിൽ അതിശയിക്കാനില്ലല്ലോ. ആകെയുള്ള ചാണകത്തിൽ ഏകദേശം ർ ം ശതമാനം മാത്രമേ വളമായി ഉപയോഗിച്ചുവരുന്നുള്ളൂ. കൂട്ടുവളത്തിലുള്ള പ്രധാനമായ ഇൻഗ്രീഡിയൻറ് മലവും മൂത്രവും മറ്റു ചപ്പുചവറുമാണ്. ഈ ചാണകത്തിന്റെ ർ ം ശതമാനം ഒഴിച്ചു് ബാക്കി പലവിധത്തിലും നഷ്ടപ്പെടുകയാണ് ചെയ്യുന്നതു്. കർഷകർക്കു് ചാണകം ശരിയായി സൂക്ഷിച്ചുപയോഗിക്കുന്നതിനു് അറിയാൻ പാടില്ല. അതു് നാം കർഷകരെ ശരിയായി മനസ്സിലാക്കണം. നാട്ടിൻപുറങ്ങളിൽ അതിനുള്ള ശരിയായ മാർഗ്ഗങ്ങൾ അന്വേഷിക്കുന്നില്ല. അതിനാണ് മോഡൽഫോംസ് ഉണ്ടാക്കി ജനങ്ങളെ മനസ്സിലാക്കണമെന്നു പറയുന്നതു്.

അതുപോലെതന്നെ മനുഷ്യരുടെ മലം വളമാക്കി എടുക്കാതെ പാഴാക്കികളയുന്നതുകൊണ്ടു് ഇൻഡ്യയിലെ ഗ്രാമങ്ങളിൽനിന്നു് ആണ്ടുതോറും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വളാംശങ്ങൾ ഏകദേശം പത്തുലക്ഷം ടൺ പാകൃജനകവും രണ്ടുലക്ഷം ടൺ ഫാസ്ഫോറിക്കാസിഡും ആകുന്നു. ഇവ ഏ. ം കോടി രൂപയോളം വിലവരുന്നതാണ്. ഇത്രയുമാണു് നമുക്കു നഷ്ടംവരുന്നതു്. മനുഷ്യരുടെ മലത്തിൽനിന്നു് കിട്ടുന്ന വളം വളരെ വിലകൂടിയതാണെന്നും അതു ശരിയായി ട്രീറ്റുമെന്റു നടത്തി ഏറ്റവും ഉപയോഗകരമാക്കി എടുക്കണമെന്നുമുള്ളതാണ് എന്റെ അഭിപ്രായം. നമ്മുടെ ഈ രാജ്യത്തു് ഇതു് വളരെ നിഷ്ഠയോടുമായി കരുതിവരുന്നു. ഉത്തരവാദപ്പെട്ട ആളുകളും ഇതു വഴിയാംവണ്ണം ശരിയായ രീതിയിൽ സംസ്കരിച്ചെടുക്കുന്നതു്, ഒരു നാഷനൽ ബേസിസിൽ, വളരെ നല്ലതാണെന്നാണ് എന്റെ അഭിപ്രായം. അതിലേക്കു് ഡിപ്പാർട്ടുമെന്റിന്റെയും ഗവൺമെന്റിന്റെയും ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. അതേ അവസരത്തിൽ ഈ കൂട്ടുവളത്തിന്റെ കാര്യം പറയുമ്പോൾ നമ്മുടെ കന്നുകാലികളുടെ

[Sri. P. Kunjukrishnan]

നില വളരെ ശോചനീയമാണെന്നുള്ളതു് എടുത്തുപറയണമെന്നു ഞാൻ വിചാരിക്കുന്നു. ഇവിടങ്ങളിലെ കന്നുകാലികൾക്കും ആരോഗ്യത്തിലും വളരെ മോശമാണു്. അവയ്ക്കു് തീറ്റിസ്ഥലമില്ല. അവയ്ക്കു് ശരിയായ ആഹാരം കൊടുക്കാനില്ല. ഇന്നു നമ്മുടെ ആഹാരത്തിനു കൂടുതൽ റേഷൻസാധനങ്ങൾക്കും കിട്ടുന്നുണ്ടു്. എന്നാൽ കന്നുകാലികൾക്കു് വയ്ക്കോലില്ല. മേച്ചിൽ സ്ഥലങ്ങളില്ല. അവയ്ക്കു് ശരിയായ ആഹാരമുണ്ടെങ്കിൽ അവയിൽനിന്നുള്ള ചാണകവും മൂത്രവും മൂലം നമുക്കു കൂടുതൽ വളം ലഭിക്കുകയും ചെയ്യും. വളത്തിന്റെ കാര്യം നാം പ്രധാനമായി നോക്കിയാൽ സാമൂഹ്യമായും സാമ്പത്തികമായും ജനങ്ങൾക്കു് അഭിവൃദ്ധിയുണ്ടാകുമെന്നാണു് എന്റെ അഭിപ്രായം. ഈ കാര്യത്തിൽ ഗവണ്മെന്റിന്റെ തീക്ഷ്ണമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണു്. മറ്റു വളങ്ങളുടെ കാര്യത്തെപ്പറ്റി പറയുമ്പോൾ എല്ലുപൊടി, പിണ്ണാക്കു്, ചാണകം, കുമ്മായം, ഉപ്പു് മുതലായ പല മാതിരിയുള്ള വളങ്ങളുമുണ്ടു്. ഇവയുടെ സംഭരണം വിതരണം മുതലായവ കൂടുതൽ കാര്യക്ഷമമാക്കണമെന്നുകൂടിയാണു് എന്റെ ഈ ഉപക്ഷേപംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്. ഇപ്പോൾ ഗവണ്മെന്റു ഡിപ്പോകൾ വഴിയും, പരസ്പരസഹായസംഘങ്ങൾ വഴിയുമാണു് അവയുടെ വിതരണം നടത്തുന്നതു്. എന്നാൽ അവയുടെ പ്രവർത്തനം വളരെ കാര്യക്ഷമമാകുന്നില്ല. പല പരാതികളും ഉണ്ടെന്നു് ഇവിടെ ഉന്നയിച്ചിട്ടുള്ള പല ചോദ്യങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിയും.

Sri. K. Ramachandran: Sir, on a point of order. Would it be in order if the House were to adjourn while a Member is speaking?

Mr. Speaker: That point of order does not arise now for decision.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഇതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു് ഗവണ്മെന്റിൽനിന്നും വേണ്ട പ്രോത്സാഹനം കൊടുക്കേണ്ടതാണു്

അതുപോലെതന്നെ കൃഷിതുടങ്ങുന്ന അവസരങ്ങളിൽ കൃഷിക്കുപയുക്തമായ വളങ്ങൾ രണ്ടോ മൂന്നോ കൺസയിൻമെന്റു് വരുത്തി വിതരണം ചെയ്യുന്നതായാൽ അതു കൃഷിക്കാർക്കു് കൂടുതൽ ഉപയോഗപ്രദമായിരിക്കും. അതുപോലെ ഗവണ്മെന്റിൽനിന്നും എല്ലുപൊടിയും മറ്റു വളങ്ങളും മിക്സ്ചെയ്തു തരുന്നതു വാങ്ങണമെന്നു പറയുന്നതു് കുറേ പ്രയാസമുള്ള കാര്യമാണു്. അതായതു് പല സ്ഥലത്തെ മണ്ണു് പല രീതിയിലാണു്. ഒരു സ്ഥലത്തു് മിക്സ്ചർ ആയിരിക്കും ആവശ്യം. മറ്റൊരു സ്ഥലത്തു് അതല്ലായിരിക്കും. അപ്പോൾ അതു കർഷകരുടെ ആപ്ഷൻ അനുസരിച്ചു് വിതരണം ചെയ്യണം. അതായതു സ്ഥലത്തേക്കുള്ള വളം ആ സ്ഥലത്തെ മണ്ണിനെ അനുസരിച്ചിരിക്കും. അങ്ങിനെ വിതരണം ചെയ്യുന്നതു വളരെ നന്നായിരിക്കും.

ഇതുകൂടാതെ എനിക്കൊന്നുകൂടി പറയാനുള്ളതു് ഗവണ്മെന്റു് വളം ഡിസ്ട്രിബ്യൂട്ട ചെയ്യുമ്പോൾ അതാതു സ്ഥലങ്ങൾക്കു് അനുയോജ്യമായ രീതിയിലുള്ള ശാസ്ത്രീയ രീതിയിലുള്ള വളമാണു് കൊടുക്കേണ്ടതു് എന്നാണു്. അതു കൂടുതൽ കരമായിരിക്കും എന്നാണെന്റെ അഭിപ്രായം.

കർഷകർക്കു് പണ്ടു് സൗജന്യറേറ്റിൽ വളം കൊടുത്തുവന്നിരുന്നു. എന്നാൽ ഈ സൗജന്യം ഇപ്പോൾ എടുത്തുകളഞ്ഞിരിക്കുന്നു. മുൻപു് മുന്നിലൊന്നു സൗജന്യമാണു് കൊടുത്തിരുന്നതു്. അതു് കർഷകർക്കു് വളരെ ആശ്വാസപ്രദമായിരുന്നു. ഇന്നു് അതിനുപകരം ബോണസ്സു് കൊടുത്തുവരികയാണു്. എന്റെ അഭിപ്രായത്തിൽ ഈ ബോണസ്സു് കൊടുക്കുന്നതിനേക്കാൾ

LIBRARY ARCHIVES Kerala Legislative Assembly

നല്ലതു് ഈ സൗജന്യം വീണ്ടും കൊടുക്കുക എന്നുള്ളതാണു്. കഴിയുന്നതും സൗജന്യറേറ്റിൽ വളം വിതരണംചെയ്യാൻ വ്യവസ്ഥ ചെയ്യേണ്ടതാണു്.

അതിനുംപുറമേ,കർഷകക്കു് കഴിവുള്ള ധനസഹായംചെയ്തു കൃഷിമൂലം ഉല്പാദനം വർദ്ധിപ്പിക്കുവാൻ വേണ്ടതു ചെയ്യേണ്ടതാണു്. അതുപോലെതന്നെ നമുക്കാവശ്യമുള്ള വളം ധാരാളമായി പുറത്തുനിന്നും കിട്ടുന്നില്ല എന്നുള്ളതും നമുക്കറിയാവുന്ന കാര്യമാണു്. നമുക്കു് ധാരാളമായി വളം പുറത്തുനിന്നും കിട്ടുന്നതിനു് ആവശ്യമുള്ളതെല്ലാം ചെയ്യേണ്ടതാണു്. ഇപ്പോൾ കൂട്ടുവളം നിർമ്മിക്കേണ്ടതു് ഏറ്റവും ആവശ്യമായ കാര്യമാണു്. അതു ജനങ്ങളുടെ ഇടയിൽ പ്രോത്സാഹിപ്പിച്ചു് ചപ്പു്ചവറു് മുതലായ എല്ലാസാധനങ്ങളും ഉപയോഗിച്ചു വളം നിർമ്മാണം വർദ്ധിപ്പിക്കേണ്ടതാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഒരു പ്വായിൻറു് ആഫ് ആർഡർ. ഒരു പ്രമേയം ഹാജരാക്കിയിരിക്കുന്ന ആളിനു് എത്ര മിനിട്ടുനേരം സംസാരിക്കാം?

Mr. Speaker: Thirty minutes.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഇപ്പോൾ ഈ കൂട്ടുവളം ശരിയായി സാവ്വത്രികമായി നിർമ്മിക്കുന്നതിലേക്കു് പുസ്തകങ്ങളും മറ്റും അച്ചടിപ്പിച്ചു് ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ചു് അതിനുള്ള സാഹചര്യങ്ങളും ഉണ്ടാക്കണം.

അതുപോലെതന്നെ ഇവിടെ ഫർട്ടിലൈസേഴ്സു് ആൻറു് കെമിക്കൽസു് എന്നുള്ള ഒരു വലിയ സ്ഥാപനമുണ്ടു്. അതു മഹത്തായ ഉദ്ദേശത്തോടുകൂടി സ്ഥാപിച്ചിട്ടുള്ളതാണു്. അതു് പൂർണ്ണമായി കർഷകക്കു പ്രയോജനപ്പെടത്തക്കവണ്ണം കഴിവുള്ളതെല്ലാം ചെയ്തുകൊടുക്കണമെന്നു ഗവൺമെൻറിനോടപേക്ഷിക്കുന്നു.

അതുപോലെതന്നെ പൊട്ടാഷ് വളരെ വിലയേറിയ ഒരു വളമാണു്. അതു നെൽകൃഷിക്കു വളരെ ആവശ്യവുമാണു്. നമ്മുടെ നാട്ടിലെ നാളികേരകൃഷിക്കും അതു വളരെ ആവശ്യമാണു്. ഇന്നു് പൊട്ടാഷ് അല്ലെങ്കിൽ ചാമ്പൽ കിട്ടുന്നതു വളരെ ചുരുക്കമായിട്ടാണു്. അതും സുലഭമായി ലഭിക്കുന്നതിനു ശ്രമിക്കേണ്ടതാണു്. ഇങ്ങനെ സാവ്വജനീനമായ വിധത്തിൽ നമ്മുടെ വളം സമ്പാദനം വർദ്ധിപ്പിക്കേണ്ടതാകുന്നു. അതിനു വേണ്ടതായ സാഹചര്യങ്ങളും ഉണ്ടാക്കേണ്ട ചുമതല ഈ നമ്മുടെ ഗവൺമെണ്ടിനും ഡിപ്പാർട്ടുമെൻറിനും ഉണ്ടു്. ഞങ്ങിനെ ചെയ്യുകയാണെങ്കിൽ നമ്മുടെ രാജ്യത്തെ വിളവു് ൪൦ ശതമാനമല്ല ൫൦ ശതമാനവും ൬൦ ശതമാനവും ൧൦൦ ശതമാനവുംതന്നെ ഉണ്ടാക്കാൻ കഴിയും. ഇതാണു് എൻെറ പ്രമേയംകൊണ്ടു് ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ബഹുമാനപ്പെട്ട മിസ്റ്റർ കുഞ്ഞുകൃഷ്ണൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തോടും അതിൻെറ തത്വത്തോടും ഞാൻ പരിപൂർണ്ണമായും യോജിക്കുന്നു. എന്നാൽ അതിപ്രധാനമായ ചില പ്രമേയങ്ങളും ഇതിനടിയിൽ ചിലതുണ്ടു്. അതിനാൽ ഈ പ്രമേയത്തിനു് എതിർ അഭിപ്രായക്കാർ ആരെങ്കിലുമുണ്ടോ എന്നുള്ള സംശയം തീർച്ചപ്പെടുത്തിയാൽ മതിയാകുമെന്നാണു് തോന്നുന്നതു്. അല്ലാതെ, ഗവൺമെൻറു് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുകളോ, മറ്റു പുസ്തകങ്ങളോ എടുത്തു് ഇവിടെ വായിച്ചു സമയം എടുക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതിനെതിരഭിപ്രായമില്ലെങ്കിൽ അതിനെ ഈ സഭ അംഗീകരിച്ചു്, അടുത്ത പ്രമേയം എടുക്കണമെന്നാണു് എൻെറ താഴ്മയായ അഭിപ്രായം.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: സർ, ഞാനും ഈ കാര്യം പറയുവാൻ വിചാരിക്കുകയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി: സ്പീക്കർ: അതുതന്നെ റിപ്ലീഡ ചെയ്യുവാൻ പോകുകയാണോ?

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: ഈ പ്രമേയത്തിന്റെ തത്വം ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടോ ഇല്ലയോ എന്ന് അറിഞ്ഞാൽ കൊള്ളാം. അതു കഴിഞ്ഞിട്ട് എനിക്കു പറയുവാനുള്ളത് പറയാം.

Sri. A: P. Udayabhanu: Sir, it is true that the resolution of Sri. Kunjukrishnan may not be so striking, may not be very successful in impressing, and may not have any emotional out-burst and other things. But, Sir, it discusses one of the very vital topics of the day, the food production. It is a universally accepted principle that is involved in this resolution. We have, therefore, to discuss the matter in detail. My submission is, Sir, that we have to discuss the matter in detail and at great length so that we may be in a position.—

Sri. Ponnara G.Sreedhar: So that we can chuck off—

Mr. Speaker. Order, order.

Sri. A. P. Udayabhanu. My friend is very much excited and I do not think there is any reason for that. My submission is that this matter has to be discussed in detail so that we may be able to place before the Government the several aspects which the Government may be able to accept and several ideas which the Government may be able to implement. When we are grappling with the problem of food it is very necessary that we should discuss this resolution in detail as far as the position in the State is concerned.

The Central Government had made an announcement that after 1951 they are not going to import a single grain, and they have formulated a five-year plan of food production. We also have got a five-year plan for the purpose. What is this five year plan so far as we are concerned? What was expected was to attain self-sufficiency in 1951. Now we find that the world is rather receding and what is the state of affairs? Some of the great thinkers and scientists say that the outlook of mankind is rather grim because the population is increasing like anything and the arable lands are dwindling. On one side, the population is rising and on the other side the arable lands are shrinking. That is the present position in our State also. Humanity is now suffering for want of food and arable lands and not on account of war. It is really the food problem that is facing us very keenly. As far as India is concerned, we are short by 10 per cent of our requirements, and as far as our State is concerned we are short by 60 per cent of our requirements. In these circumstances, I submit that it is absolutely necessary that this resolution should be discussed in detail so that it may help the Government in attaining self-sufficiency in food.

My case is that we have to give our earnest attention and most careful consideration so far as this subject is concerned. As far as our State is concerned we have our arable lands at something like 22 cents per head and some of the experts or scientists have concluded that at least 2 acres of land per head is the area that is absolutely necessary for a man to be self-sufficient and healthy. We could be happy if we could allot at least an acre per head for cultivation. But what we can allot is only something like 22 cents per head. Therefore the only way in which we can make headway and bring some relief is to intensify the actual production. What is most important in intensive cultivation? They are manure, water and good seeds. These are the three important things as far as intensive cultivation is concerned. We are having rather favourable monsoons and lavish supply of water and the next most important thing is manure. The most difficult thing that an agriculturist has to face is the shortage of manure and I am speaking as a practical agriculturist—one who directly cultivates his land and who knows the difficulties and understands the difficulties of an agriculturist. It is with personal knowledge that I speak all these topics here. It is the question of manure that is most important. How can

LIBRARY ARCHIVES Kerala Legislative Assembly

we get it. The hon. Minister was saying that from Calcutta and other places bonemeal has begun to move. But I think, Sir, so far as our agriculturists are concerned firstly bonemeal is very costly compared to other manure. That is a point that we have to consider. To another question the hon. Minister said that we are short of groundnut cakes. Groundnut cake also from the point of view of ordinary agriculturist is a costly manure. It is not within his reach. As far as nitrogenous manure, and soda ash, potash, etc., are concerned, it is not possible for the ordinary agriculturist to get these. They cannot depend on these manures. As far as ash is concerned that is another important thing, potash. It is something like Rs. 120 for 100 tins so that we cannot depend on any of these since they are all beyond our ordinary agriculturists' means. What I say is that even if the Government are in a position to supply the three kinds of manures the cost of these is such that it is not within their means. So, when we have grappled with the problem of manure, we have to think of supplying the agriculturists with the manure which is within his means and which he will be in a position to purchase and apply. It may be easily proposed that the Government must be in a position to subsidise the cost of manure and sell it cheaper. We are not spending 4—5 crores of rupees every year towards subsidy for rice and to sell the rice cheap. I say that it must be possible for the Government to subsidise the manure as well. It may be argued that it will not be practically within the means of this Government to supply the agriculturist with cheap manure by subsidising it. Therefore, we must think of other alternative forms of manure which may be within the reach of the ordinary agriculturist. It is in this way that the proposition has to be approached.

It is another thing that when the artificial manure was applied, crops in some places were destroyed. The effectiveness of the manure cannot be questioned. But the destruction of the crop was due to the application of the manure in the wrong way. The effectiveness depends on the manner of application and the condition of the soil.

Mr. Speaker: All these points have been mentioned by the mover of the motion. The Member will therefore avoid repetition. If there is anything new to state, the hon. Member may proceed.

Sri. A. P. Udayabhanu: My suggestion is, Sir, that the Agricultural Department of the State should see that the soil in the land is analysed and necessary information and advice given to the agriculturist so that he may know the actual requirements of his lands. My submission is that instead of having one laboratory at Trivandrum to analyse the soil, etc., that is sent there, we must have laboratories in the various places where soil may be analysed, where people may be induced to take the soil for analysis. I would even go further and say that the officers of the Agricultural Department must take special care in this matter. They must not wait for the soil being taken to them for analysis. They should not expect the agriculturists to take the soil samples to the laboratories. They must go to the field, pursuade the agriculturists to do the needful. They should not go about as masters, but they must go as servants and advisers of the people. They must give them advice and necessary information. That is the approach that the Government and the Agricultural Department must have as far as this problem is concerned. Instead of their sitting in cushined arm chairs and asking the people to bring samples of soil for analysis they must go out and take the samples themselves and analyse and take special care in such matters. That is how this problem has to be approached.

Another thing is cheap manure. Now manure is being distributed by certain depots. That is not enough. These depots are making capital out of this transaction. My suggestion is that a system of licensing may be introduced. Only

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. P. Udayabhanu]

persons who get a licence from the Government for the sale of manure must deal in it. There have been cases where the depot keepers have committed adulteration of manure. I say that it is as much a sin to adulterate manure as to adulterate milk. My submission is that Government must allow only licensed depots to deal in manure and they must put labels on the manure stock showing percentage of the manure contents, etc. Government must see that the arrangements made are within the easy reach of an ordinary agriculturist.

ശ്രീ. കൃഷ്ണൻഅയ്യപ്പൻ: കൃഷിക്കു വളം ഉണ്ടാകേണ്ടതു അത്യാവശ്യമാണെന്നുള്ള കാര്യത്തിൽ ആർക്കും അഭിപ്രായ വ്യത്യാസമുണ്ടാകാൻ ഇടയില്ല. വളം കിട്ടുന്നകാര്യവും അതു ഉണ്ടാക്കേണ്ട കാര്യവുമാണു് അതിപ്രധാന പ്രശ്നമായിതീർന്നിരിക്കുന്നതു്. ഇവിടെ ഭക്ഷ്യക്ഷാമം ഉണ്ടായതോടുകൂടി നാട്ടിൻപുറങ്ങളിൽ പലതരത്തിലുള്ള ഭക്ഷ്യസാധനങ്ങളും ജനങ്ങളും കൃഷിചെയ്യുന്നുണ്ടു്. ചേർത്തലതാലൂക്കിൽ കപ്പകൃഷിയും കാച്ചിൽ, ചേന മുതലായവയുടെ കൃഷികളും ഇപ്പോൾ കൂടുതലായി ഉണ്ടു്. ഈ കൃഷികൾ മുൻകാലങ്ങളിൽ അവിടെ അത്ര ധാരാളമായി ഉണ്ടായിരുന്നില്ല. നാട്ടിൻപുറങ്ങളിൽ സാധാരണയായി കിട്ടുന്നവളം ചാരം, ചാണകം മുതലായവയാണു്. എന്നാൽ ഇപ്പോൾ ഈ ചാരവും ചാണകവും പോലും കിട്ടുന്നതിനു് വളരെ പ്രയാസമായിട്ടാണിരിക്കുന്നതു്. മുൻപു ചാരം പാട്ടയ്ക്കു് ര-ണയും ന്യ-ണയുമായിരുന്നതു് ഇപ്പോൾ രണ്ടും മൂന്നും രൂപയായി വർദ്ധിച്ചിട്ടുണ്ടു്. അതുതന്നെ നല്ലതരത്തിൽ ഉള്ളതല്ല. കറുത്ത ചെളിഉണക്കി പൊടിച്ചു് ആയതും ചകരിയുടെ ഉണങ്ങിയ ഭാഗം എരിച്ചു ചാമ്പൽആക്കിയതും കലർത്തിയാണു്. ഈ വക ചാരമാണു് രണ്ടുംമൂന്നും രൂപക്കു് അവിടത്തെ കൃഷിക്കാർക്കു് ലഭിക്കുന്നതു്. ഈ ചാരത്തിനു വാസ്തവത്തിൽ വളത്തിന്റെ ഗുണമില്ല. കൂടുതൽ ചെലവാണെന്നു മാത്രമെയുള്ളൂ. പിന്നീടു് ചാരം കിട്ടണമെങ്കിൽ ഒരു വീട്ടിൽ രണ്ടു മൂന്നേരമെങ്കിലും അടുപ്പുത്തു തീകത്തിക്കാതെ നിവൃത്തിയില്ല. ഭക്ഷണക്ഷാമംകൊണ്ടു് അടുപ്പുത്തു തീകത്തിക്കലുതന്നെ വളരെ കുറഞ്ഞിരിക്കയാണു്. ചാണകത്തിന്റെ കാര്യവും ഇതുപോലെതന്നെയാണു്. കന്നുകാലികളെ മിക്കവാറും കെട്ടിയിടുവളർത്തുകയാണു് ചെയ്യുന്നതു്. അങ്ങനെ കെട്ടിയിടുന്നതുകൊണ്ടു് ആ പുരയിടത്തിലുള്ള ആളുകൾക്കുമാത്രം കുറച്ചു ചാണകം കിട്ടുന്നു എന്നല്ലാതെ മറ്റുള്ളവർക്കു് അതു ലഭിക്കുന്നില്ല. ചേർത്തലതാലൂക്കിലെ പല ജലാശയങ്ങളിലും കപ്പച്ചായൽ എന്നു പറയുന്ന ഒരുതരം പായൽ ധാരാളമായി ഉണ്ടാകാറുണ്ടു്. അതു കൃഷിക്കു വളമായി ഉപയോഗിച്ചുകൊണ്ടിരുന്നു. എന്നാൽ ഈ കപ്പച്ചായലാണു് ചേർത്തലയിൽ കൊതുകു വർദ്ധിപ്പിക്കുന്നതിനു് കാരണമായിട്ടുള്ളതെന്നു് തെറ്റായിട്ടോ ശരിയായിട്ടോ പബ്ലിക്ഹെൽത്തു് ഡിപ്പാർട്ട്മെൻറുകാർ നിശ്ചയിച്ചുകൊണ്ടു ആ പായൽ ആ സ്ഥലങ്ങളിൽനിന്നും എടുത്തു കളഞ്ഞുവരുന്നു. പായൽ എടുത്തു കളയുന്നതിനു ആ ഡിപ്പാർട്ട്മെൻറിൽനിന്നും കുറെ പണംചെലവാക്കി കുറെ ആളുകളെ നിയമിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ ഇങ്ങനെ ഈ പായൽ വാരികളഞ്ഞതുകൊണ്ടു് കൊതുകിന്റെ വർദ്ധനവിനൊ ശല്യത്തിനൊ അവിടെ ഒരു കുറവുമില്ല. പായൽ മാറുന്നതുകൊണ്ടു് കൊതുകുശല്യത്തിനു കുറവില്ലാതിരിക്കുകയും എന്നാൽ കൃഷിക്കുള്ള വളത്തിനു കുറവു വരികയും ചെയ്യുന്നസ്ഥിക്കു് ഈ പായൽ കൃഷിക്കു വളമാക്കുന്നതിനു ഏർപ്പാടുണ്ടായാൽകൊള്ളാം.

Sri. N. D. Jose: Does the hon. Member know that the filaria spreading mosquito breeds on this water?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻഅയ്യപ്പൻ: അതുതന്നെയാണു് ഞാൻ പറഞ്ഞതു്, ശരിയായിട്ടോ തെറ്റായിട്ടോ പബ്ലിക്കഹെൽത്തു ഡിപ്പാർട്ടുമെൻറുകാർ നിശ്ചയിച്ചുവെന്നു്. അങ്ങനെ വാരിക്കളഞ്ഞതുകൊണ്ടു് കൊതുകിനു് യാതൊരു കുറവുമില്ല.

ശ്രീ. സി. കേശവൻ: അവിടെ ഒരു ഫയിലേറിയൽ യൂണിറ്റു പ്രവർത്തിക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. കൃഷ്ണൻഅയ്യപ്പൻ: അറിയാം.

ശ്രീ. സി. കേശവൻ: ആ യൂണിറ്റു് കുട്ടികളുടെ രക്തം പരിശോധിച്ചിട്ടു്, അതായതു് ഇങ്ങനെ പായൽവാരി കളഞ്ഞതിൽ പിന്നെ കുട്ടികളുടെ രക്തം പരിശോധിച്ചിട്ടു് അതിൽ ഫയിലേറിയൽ ജേംസ് വളരെ കുറഞ്ഞിട്ടുണ്ടെന്നു പ്രസ്താവിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. കൃഷ്ണൻഅയ്യപ്പൻ: ശരിയായിരിക്കാം. ഞാൻ അവിടെ താമസിക്കുന്ന ഒരാളാണു്.

ശ്രീ. ജോസഫ് മാത്തൻ: ബഹു. മെമ്പറിനു മന്ത്രുവേണമോ പായൽവേണമോ?

ശ്രീ. കൃഷ്ണൻഅയ്യപ്പൻ: ഈ കാര്യങ്ങളെക്കുറിച്ചു യാതൊരു അനുഭവവും അറിവും ഇല്ലാത്ത മെമ്പറിന്റെ ചോദ്യത്തിനു ഞാൻ ഉത്തരം പറയണമെന്നു വിചാരിക്കുന്നില്ല. എനിക്കു പറയാനുള്ളതു് ഈ പായൽവാരി കളഞ്ഞതുകൊണ്ടു് കൊതുകിനു് യാതൊരു കുറവും വന്നിട്ടില്ലാഎന്നാണു്.

Mr. Speaker: Order, order. Any discussion that is to be made must be relevant to the question and I should invite the attention of the hon. Members to standing order 58 about the limit of discussion.

ശ്രീ. കൃഷ്ണൻഅയ്യപ്പൻ: ഞാൻ ഇതിനെസംബന്ധിച്ചു് വിസ്തരിച്ചു പറയുവാൻ ഇടയായതു് വാഴയ്ക്കും തെങ്ങിനും മറ്റും ഉപയോഗിക്കുവാൻ കൊള്ളാവുന്ന വളം, അതു വാരികളഞ്ഞതുകൊണ്ടു് കൊതുകിനെ സംഹരിക്കുന്നതിനു് സാദ്ധ്യമല്ലെങ്കിൽ, അങ്ങനെ വാരികളയാതെയിരിക്കണമെന്നും വാരികളയുന്ന പായൽ കൃഷിക്കാർക്കു് കൊടുക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യണമെന്നും ഉള്ള ഉദ്ദേശത്തിൽ മാത്രമാണു്.

ഇനി എനിക്കു പറയുവാനുള്ളതു് ഓരോസ്ഥലത്തിനും ആവശ്യമുള്ളതും ഓരോതരം മണ്ണിനു പറ്റിയതുമായ വളങ്ങളും ഏതാണെന്നു നിശ്ചയിച്ചു് ആ മാതിരിവളങ്ങളും ഗവൺമെൻറിൽനിന്നും ശേഖരിച്ചു് കുറഞ്ഞവിലയ്ക്കു ജനങ്ങൾക്കു കിട്ടുവാൻവേണ്ട ഏർപ്പാടുകളും ഗവൺമെൻറു ചെയ്യണമെന്നാണു്. ഈ വിഷയം സഭയുടെ ശ്രദ്ധയിൽ പെടുത്തികൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

Sri. D. Gnanasigamoni: I very strongly support this resolution. This is a beautiful resolution, beautifully worded. We are indeed grateful to the mover of the resolution for all the nice things he had said. There was no occasion when there was so much of unanimity as on this occasion. Now all that remains is to hear what the Minister in charge has to say on this matter.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഞാൻ ഈ പ്രമേയത്തിന്റെ തത്വത്തിനോടു യോജിക്കുന്നു. ഈ സഭയുടെ ചില ഭാഗങ്ങളിൽനിന്നും ഉദിച്ച ചോദ്യങ്ങളിൽനിന്നും ഈ പ്രമേയത്തിന്റെ പ്രാധാന്യത്തെപ്പറ്റി പലരും സംശയിക്കുന്നതായിട്ടാണു തോന്നുന്നതു്. ഈ രാജ്യം ഒരു കർഷകരാജ്യമാണെന്നു നമുക്കെല്ലാവർക്കും അറിവുള്ളതാണു്. കർഷകനു വളരെ പ്രാധാന്യമേറിയ ഒരു വിഷയത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഉടനെതന്നെ അതിനു തീരുമാനം ഏടുത്തുകളയണം, അതു അവസാനിപ്പിക്കണം എന്നെല്ലാം ഈ സഭയിൽനിന്നു

LIBRARY ARCHIVES Kerala Legislative Assembly

[Sri. Cherian J. Kappan]

കേൾക്കുന്നതു് വളരെ സങ്കടകരമാണെന്നു മാത്രമെ എനിക്കു ഇപ്പോൾ പറയുവാനുള്ളു. ഇതു വളരെ പ്രാധാന്യമേറിയ ഒരു വിഷയമാണു്. വളം, കർഷകന്റെ കൃഷിക്കാവശ്യമായ വളം, കർഷകനു് വളരെ സുലഭമായും സൗകര്യമായും ലഭിക്കുന്നതിനു് സാധിക്കുകയും അതു അവനു് കുറഞ്ഞവിലക്കു് കിട്ടുകയും ചെയ്യുന്നതിനു് ആവശ്യമുള്ള പദ്ധതികൾ ഗവണ്മെന്റു് അനുസൃതണം ചെയ്യണമെന്നാണു് ഈ പ്രമേയത്തിൽ ആവശ്യപ്പെടുന്നതു്.

Sri. P. S. Nataraja Pillai: Is there any provision for any scheme of manure distribution for this budget year?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഉണ്ടെന്നാണു് ഞാൻ മനസ്സിലാക്കി വച്ചിരിക്കുന്നതു്. അതിനുള്ള തുകയും ബഡ്ഡറ്റിൽ കൊള്ളിച്ചിട്ടുണ്ടു്. ആ തുകയിൽ എതാനും ഭാഗം ചെലവുകഴിഞ്ഞിട്ടുണ്ടെന്നു ഇന്നു കാലത്തു് ചോദിച്ച ഒരു ചോദ്യത്തിനു മറുപടിയായി മന്ത്രി പറഞ്ഞിട്ടും ഉണ്ടു്. ശൈശവാവസ്ഥയിലുള്ള, അതായതു് നമ്മുടെ സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ശൈശവാവസ്ഥയിലിരിക്കുന്ന, നമ്മുടെ ഗവണ്മെന്റിനെ വിഷമിപ്പിച്ചിട്ടുള്ള ഒരു പ്രശ്നമാണു് ഭക്ഷ്യപ്രശ്നം. ഭക്ഷ്യക്ഷാമത്തിന്റെ കാര്യംകൊണ്ടു് ഇവിടെ എന്തെല്ലാം വിഷമമാണു് ഉണ്ടാകുന്നുവെന്നുള്ളതു് നമുക്കു അറിയാവുന്ന കാര്യമാണു്. ഇതു് തിരു–കൊച്ചി സംസ്ഥാനത്തുമാത്രം ഉൽഭവിക്കുന്ന ഒരു പ്രശ്നമല്ല. പ്രത്യുത ഭാരതം മുഴുവനും ഉൽഭവിക്കുന്ന ഒരു പ്രശ്നമാണു്. ഈയ്യിടെ ഞാൻ വായിച്ചു, മദ്രാസിൽ ചില കോടതികളിലെ വിധി, ഭക്ഷണത്തിന്റെ കുറവുകൊണ്ടു് ആളുകൾ ആത്മഹത്യചെയ്യുപോലും തയ്യാറായി എന്നു്. ഇതിനെ സംബന്ധിച്ചു് സെൻട്രൽഗവണ്മെന്റിൽനിന്നും മദ്രാസു് ഗവണ്മെന്റിനോടു വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഞാൻ വായിച്ചു. എന്നാൽ മദ്രാസു് സംസ്ഥാനത്തെക്കാൾ വളരെ കുമ്മിയുള്ള ഒരു രാജ്യമാണു് നമ്മുടെരാജ്യം. എങ്കിലും യഥാകാലം നമ്മുടെ ഗവണ്മെന്റു സത്വരനടപടികൾ എടുത്തതിന്റെ ഫലമായി ഭക്ഷണക്ഷാമം ഇത്ര കഠിനമായ രീതിയിൽ ഇവിടെ അനുഭവപ്പെടുവാൻ ഇടയായിട്ടില്ലെന്നുള്ളതു് ചാരിതാർത്ഥ്യജനകമാണു്. എങ്കിലും ഈ രാജ്യത്തു് ൮൦ ശതമാനം ജനങ്ങൾക്കു് ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ മാത്രമേ ഉൽപ്പാദിപ്പിക്കുന്നുള്ളു എന്നുള്ളതു് ഒരു വാസ്തവമാണു്. പുറത്തുനിന്നുള്ള ഭക്ഷണത്തിനു് എന്തെങ്കിലും കോട്ടം തട്ടുകയാണെങ്കിൽ ഈ രാജ്യത്തിനു് ഒരു വല്ലാതായ സങ്കടാവസ്ഥ ഉണ്ടാകുമെന്നു് നമുക്കു് അറിയാം. അതിനെ നേരിടാനുള്ള സ്വയംപര്യാപ്തത ഗവണ്മെന്റിനു് ഉണ്ടാകേണ്ടതാണു്. അതിനു് നാം ചെയ്യേണ്ടതു് നെട്ടം കൃഷിയും കട്ടംകൃഷിയും വർദ്ധിപ്പിക്കുക എന്നുള്ളതാണു്. നെട്ടംകൃഷി വർദ്ധിപ്പിക്കുന്നതിനു് ഇവിടെ സാദ്ധ്യമല്ലാ. എന്നാൽ കട്ടംകൃഷി വർദ്ധിപ്പിക്കുന്നതിനു് വേണ്ട പല പദ്ധതികളും ഗവണ്മെന്റു സ്വീകരിച്ചിട്ടുണ്ടെന്നു് കാണാം. മുപ്പതിനായിരം ഏക്കർ സ്ഥലം ഗവണ്മെന്റിൽനിന്നും കൃഷി ആവശ്യത്തിനു് വിട്ടുകൊടുക്കുകയുണ്ടായിട്ടുണ്ടു്. എന്നാൽ അതു് വളരെ പ്രയോജനകരമായ രീതിയിൽ എത്തിയിട്ടുണ്ടോ എന്നു സംശയമാണു്. ഇതിനെസംബന്ധിച്ചു് പറയുമ്പോൾ എനിക്കു പറയുവാനുള്ളതു് വളം ഉപയോഗിച്ചു് കൃഷിയെ അഭിവൃദ്ധിപ്പെടുത്തുക എന്നുള്ളതാണു്. അടുത്തകാലംവരെ ശാസ്ത്രീയമായ വളം ഉപയോഗിക്കുന്ന വിഷയത്തിൽ ഈ രാജ്യത്തെ കർഷകർ വലിയ വിമുഖതയാണു് കാണിച്ചുകൊണ്ടിരുന്നതു്. എന്നാൽ പ്രചരണത്തിന്റേയും മറ്റും ഫലമായി നമ്മുടെ രാജ്യത്തുള്ള കർഷകർ മുമ്പുണ്ടായിരുന്ന ആ വൈമുഖ്യം ഉപേക്ഷിച്ചു് ശാസ്ത്രീയമായ വളം ഉപയോഗിച്ചു് കൃഷിചെയ്യാനുള്ള സന്നദ്ധത പ്രകടിപ്പിക്കുന്നുണ്ടു്. ഈ സ

LIBRARY ARCHIVES Kerala Legislative Assembly

ന്ദർത്തിൽ കൃഷി വർദ്ധിപ്പിക്കത്തക്കവണ്ണം നാം വേണ്ടതു ചെയ്യണമെന്നു ആഗ്ര ഹിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യണമെങ്കിൽ നമുക്കു് അത്യാ വശ്യമായിട്ടുള്ളതു ആ മാതിരി ശാസ്ത്രീയമായ വളം കുറഞ്ഞവിലയ്ക്കു് സുലഭമാ യി കിട്ടുന്നതിനു് പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ടതാണെന്നു ഞാൻ പറയേണ്ട തില്ലല്ലൊ.

വളം വിതരണം ചെയ്യുന്ന വിഷയത്തിൽ ഗവർമ്മെൻറു് ചില കാര്യങ്ങൾ ചെയ്തിരുന്നു. സൗജന്യനിരക്കിൽ ഇവിടത്തെ കർഷകർക്കു് വളം വിതരണം ചെയ്യുന്ന സമ്പ്രദായം ഉണ്ടായിരുന്നു. കുട്ടനാടൻ പ്രദേശങ്ങളിലെ പുഞ്ച നില ങ്ങൾക്കും മറ്റും വളത്തിൻെറ ൫൦ ശതമാനവും മറ്റു് സ്ഥലങ്ങളിലുള്ള സ്ഥല ങ്ങൾക്കു് വളത്തിൻെറ മൂന്നിൽ രണ്ടു ഭാഗവും വിലക്കു് വിതരണം ചെയ്തുകൊ ണ്ടിരുന്നു. അനന്തരം കർഷകരിൽനിന്നും വിലയ്ക്കെടുക്കുന്ന നെല്ലിൻെറ അള വനുസരിച്ചു പറയ്ക്കു് നാലണ വീതം ബോണസ് എന്ന നിലയിൽ വളത്തിനു വേണ്ടി കൊടുത്തുകൊണ്ടിരുന്നു. ഈ സമ്പ്രദായം വളത്തെ സംബന്ധിച്ചിട ത്തോളം കർഷകനു് സഹായകരമായിരുന്നു എന്നു് പറയാൻ നിവർത്തിയില്ല. അതിനേക്കാൾ മുൻപുണ്ടായിരുന്ന സൗജന്യ വ്യവസ്ഥ തുടരുകയായിരുന്നു പ്ര യോജനപ്രദമായിരുന്നതു്. ഈ സഭയിൽതന്നെ ഒരു ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞതു് ഗവർമ്മെൻറിൻെറ കൈവശം രണ്ടാ യിരത്തി അഞ്ഞൂറു ടൺ വളമെ ഇപ്പോൾ സ്റ്റാക്കുള്ളു എന്നാണു്. എന്നാൽ ഈ യാണ്ടിൻെറ ബാക്കിയുള്ള കാലത്തേക്കു് ഏകദേശം ൧, ൦ ൦ ൦ ടൺ വളവും കൂടിയുണ്ടെങ്കിൽ കൃഷിയാവശ്യത്തിനു് മതിയാകുമെന്നും അദ്ദേഹം പ്രസ്താവിക്ക യുണ്ടായി. അങ്ങനെ നമുക്കാവശ്യമുള്ള ൧,൦ ൦ ൦ ടണ്ണിൽ കൈവശം ഇരു പ്പുള്ള ൫ ൫൦ ൦ ടൺ നീക്കി ബാക്കി വന്നുചേരുന്നതു എന്നാണെന്നു നിശ്ചയ വുമില്ല. ഏതായാലും കൃഷിക്കാവശ്യമുള്ള വളം ഇപ്പോൾ ഇല്ലെന്നുള്ള സംഗ തി അദ്ദേഹം വ്യക്തമാക്കി. ഭക്ഷണക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഇതു വരെ വളം വിതരണവിഷയത്തിൽ വന്നുപോയിട്ടുള്ള കുഴപ്പങ്ങളെ മന സ്സിലാക്കി മേലാൽ ആ കുഴപ്പം ഉണ്ടാകാതിരിക്കുന്നതിനും കർഷകർക്കു് അവൻെറ കൃഷി ആവശ്യത്തിനായി ആവശ്യംപോലെ വളം കിട്ടുന്നതിനുമുള്ള മാർഗ്ഗങ്ങൾ എന്താണെന്നു ആലോചിക്കേണ്ടിയിരിക്കുന്നു. രണ്ടാമതു് ഉള്ള വളം തന്നെ ശരിയായ വിധത്തിൽ, അതായതു് ന്യായമായ തരത്തിൽ, ഗവർമ്മെൻറു വിതരണം ചെയ്യുന്നില്ലെന്നുള്ളതും വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. കാ രണം, കൂടെയധികം വളം ബ്ലാക്ക്മാർക്കറ്റിൽ പോകുന്നുണ്ടു്. പക്ഷെ ഗവ ർമ്മെൻറു് ഇതു് നിഷേധിക്കുമായിരിക്കും. എന്നിരുന്നാലും സംഗതികളുടെ വാ സ്തവസ്ഥിതി പറയാതിരിക്കാൻ നിവർത്തിയില്ല. മൂന്നാമതായി കൊടുക്കുന്ന വളംതന്നെ വാങ്ങിക്കുന്നതിനുള്ള പണശേഷി കർഷകനില്ലാതാണിരിക്കുന്നതു്. അതിനുള്ള കാരണം അവൻെറ ഉല്പാദനത്തിനു് ശരിയായ വില അല്ലെങ്കിൽ നഷ്ടമില്ലാത്ത വില അവനു് കൊടുക്കുന്നില്ല. പ്രധാനമായി നെൽകൃഷിയാണു് നമുക്കേറ്റവും അത്യാവശ്യമായിട്ടുള്ളതു്. ശരിയായ രീതിയിൽ ശാസ്ത്രീയമായി വളമുപയോഗിച്ചു കൃഷിചെയ്യേണ്ടതായ ഒന്നാണു് ഈ കൃഷി. ഇതിനുവേണ്ടി സമയാസമയങ്ങളിൽ വളം കൊടുക്കുന്നില്ലെങ്കിൽ എപ്രകാരമാണു് ഈ നെൽ കൃഷിയിൽ അവർക്കു് ഉത്സാഹമുണ്ടാകുന്നതെന്നാണു് ഞാൻ ചോദിക്കുന്നതു്. മാ ത്രമല്ല അവൻെറ ഉല്പാദനത്തിനു് മതിയായ വില കിട്ടിയില്ലെങ്കിൽ അവൻ നിരുത്സാഹപ്പെട്ടുപോകുന്നു. തൻമൂലം കൃഷി ഒന്നിനൊന്നു അധ:പതിച്ചുവരി കയാണു് ചെയ്യുന്നതു്. അതുകൊണ്ടു അവനെ കൃഷിയിൽ പ്രോത്സാഹിപ്പിക്ക ത്തക്കവണ്ണം വേണ്ട സഹായസഹകരണങ്ങൾ ഗവർമ്മെൻറിൽനിന്നും ചെയ്യുകൊ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Cherian J. Kappan]

ടുക്കേണ്ടതാണ്. പണമില്ലാത്തവനു് പണം സൗജന്യമായി കൊടുക്കുന്നതായി രിക്കും ഉത്തമം. അങ്ങനെ കൊടുത്തില്ലെങ്കിലും പുറമെനിന്നും കടം വാങ്ങി ച്ചാൽ കൊടുക്കേണ്ട പലിശയേക്കാൾ കുറഞ്ഞ പലിശക്കു് പണം കടം കൊടു ക്കുകയും, മുൻപുണ്ടായിരുന്ന രീതിയിൽ സൗജന്യനിരക്കിൽ വളം വിതരണം ചെയ്യുകയും കൃഷിയായുധങ്ങൾ ആവശ്യമുള്ള കർഷകർക്കു വിതരണം ചെയ്യു കയും മറ്റും ചെയ്യേണ്ടതിലേക്കു് എന്തെങ്കിലും ഒരു പദ്ധതി ഗവണ്മെൻറ് ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. മറ്റൊരു സംഗതികൂടി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെടുത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു. രാജ്യത്തു് ഇന്നു ശാസ്ത്രീയ മായ രീതിയിൽ ഉണ്ടാക്കുന്ന വളം കിട്ടാൻ സാദ്ധ്യമല്ലാത്ത സ്ഥലങ്ങളിൽ ഉപ യോഗിച്ചുവരുന്നതു് കന്നുകാലിവളമാണു്. എന്നാൽ കന്നുകാലികളെ വളർത്തി അവയിൽനിന്നും വളം ലഭിക്കുന്നതിനു് വളരെ സൂക്ഷ്മക്കുറവാണു് നമ്മുടെ രാജ്യത്തുള്ളതു്. ഒരാണ്ടിൽ ഏതാനും മാസത്തേക്കു മാത്രമെ പച്ചപ്പുല്ലു് കിട്ടുന്ന തിനു് സാധിക്കയുള്ളൂ. അതു് കഴിഞ്ഞാൽ കന്നുകാലികൾക്കു ആഹാരസാ ന്നനം മിക്കവാറും ലഭിക്കുന്നില്ലെന്നതന്നെ പറയേണ്ടിയിരിക്കുന്നു. അമേരിക്ക മുതലായ രാജ്യങ്ങളിൽ കന്നുകാലികളുടെ രക്ഷക്കുവേണ്ടി പുല്ലു കിട്ടുന്ന അവസര ങ്ങളിൽ ധാരാളമായി ശേഖരിച്ചു സൂക്ഷിച്ചുവയ്ക്കുന്ന ഒരു സമ്പ്രദായമുണ്ടു്. അ വർ പുല്ലു് ഉപ്പിലിട്ടു സൂക്ഷിക്കുന്നു. മഴക്കാലംകഴിഞ്ഞു വേനൽക്കാലം വരു മ്പോൾ പുല്ലിന്റെ ആവശ്യം നിർവ്വഹിക്കുന്നതു് ഇത്തരം ഉപ്പിലിട്ട പുല്ലുകൊ ണ്ടാണു്. അതുപോലൊരു പദ്ധതി നമുക്കും ഉണ്ടായിരിക്കുന്നതു കന്നുകാലിക ളുടെ ആരോഗ്യത്തെ സംബന്ധിച്ചും നെൽകൃഷി കൂടുതൽ ചെയ്തു് ഉല്പാദനം വർദ്ധി പ്പിക്കുന്നതിനെ സംബന്ധിച്ചും പ്രയോജനപ്രദമായിരിക്കും. ആയതിലേക്കാ യിട്ടു ഒരു മാർഗ്ഗം ഞാൻ നിർദ്ദേശിക്കുന്നതു് ഉചിതമാണെന്നു തോന്നുന്നു. അതാ യതു് നമുക്കു് ധാരാളം പൽമേടുകൾ ഈ രാജ്യത്തുണ്ടു്. വർഷകാലം തുടങ്ങു മ്പോൾ ധാരാളം പുല്ലുകൾ അവിടെനിന്നും ശേഖരിച്ചുവയ്ക്കാം. ഇതിലേക്കായി ഗവണ്മെൻറിന്റെ നേതൃത്വത്തിൽ ഒരു സൈലേജ് പദ്ധതി ഉണ്ടാക്കണം. ആ പദ്ധതിപ്രകാരം ശരിയായ വിധം പ്രവർത്തിക്കുന്നപക്ഷം മഴക്കാലങ്ങളിൽ ശേഖ രിച്ചു സൂക്ഷിക്കുന്ന പുല്ലു് വേനൽക്കാലം വരുമ്പോൾ നാട്ടിന്റെ നാനാഭാഗ ങ്ങളിലും എത്തിച്ചുകൊടുക്കാൻ സാധിക്കും. അങ്ങനെ ചെയ്യുന്നതും ഒരു സൗ ജന്യ നിരക്കിലായിരിക്കണം. അതിൽ ഗവണ്മെൻറിനു പക്ഷെ അല്പസ്വല്പം നഷ്ടം സംഭവിച്ചേക്കാം. എന്നാലും ഭക്ഷണപ്രശ്നത്തെ അഭിമുഖീകരിക്കുന്ന തിനു് ഇങ്ങനെയുള്ള ഒരു സൈലേജ് പദ്ധതി രൂപീകരിക്കേണ്ടതു് അത്യന്താപേ ക്ഷിതമാണു്. പുല്ലിനോടുകൂടി ഉപ്പുരസം ചേർത്തിട്ടുള്ളതും കന്നുകാലികളുടെ ആരോഗ്യത്തിനു് ഗുണകരമാണു്. ഇത്രയും പ്രസ്താവിച്ചുകൊണ്ടു് പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ഞാൻ ഈ പ്രമേയത്തെ പിൻ താങ്ങുന്നു. ഇന്നേദിവസം ചോദ്യോത്തരവേളയിൽ, ഇവിടെനിന്നും എടുക്കുന്ന നെല്ലു് 5,0 0 0 ടൺ ആണെന്നു ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിക്കയു ണ്ടായി. ഇത്രയും ടൺ നെല്ലുമാത്രമെ നമുക്കു് സംഭരിക്കാൻ സാധിക്കുകയുള്ളൂ വെന്നും പറയുന്നു. പ്രായപൂർത്തിയായ ഒരാളിനു് ഒരു ദിവസത്തേക്കു് ഏക ദേ ശം അരി വേണമെന്നുള്ള കണക്കുവച്ചു കൂട്ടിയാൽ നമുക്കാവശ്യമുള്ളതു് 8,75,0 0 0 ടൺ അരിയാണെന്നും പ്രസ്താവിക്കയുണ്ടായി. സർ, അങ്ങനെ യാണെങ്കിൽ നമ്മുടെ ഭക്ഷ്യപ്രശ്നം അഭിമുഖീകരിക്കേണ്ടതു് എങ്ങനെയാണെന്നു ആലോചിക്കേണ്ടതാണു്. ശ്രീമാൻ കാപ്പൻ പറഞ്ഞതുപോലെ തിരുവിതാം കൂറിൽ നെടുംകുഴിക്കു് വലിയ സാദ്ധ്യതയില്ലതന്നെ. കടുംകൃഷിയാണു് ശ്ര

LIBRARY ARCHIVES Kerala Legislative Assembly

ലിച്ചു ചെയ്യേണ്ടതു്. നമ്മുടെ രാജ്യത്തു ശരാശരി ഒരേക്കറിനു് ൭൫൦ റാത്തൽ നെല്ലാണു് ഇപ്പോൾ വിളയുന്നതു്. എന്നാൽ ചൈന, ജപ്പാൻ, ഈറ്റലി മുതലായ സ്ഥലങ്ങളിൽ ശരാശരി ൩, ൦൦൦ റാത്തൽവരെ വിളയിക്കുന്നുണ്ടു്. അവിടങ്ങളിൽ ൩, ൦൦൦ റാത്തൽ നെല്ലു് ഒരേക്കറിനു് വിളയിക്കുമ്പോൾ നമുക്കു കിട്ടുന്നതു് വെറും ൭൫൦ റാത്തൽ മാത്രമാണു്. ഈ വിധം വിളവു് കുറയുന്നതു് ശാസ്ത്രീയമായ രീതിയിൽ വളമുപയോഗിച്ചു് സമയാസമയങ്ങളിൽ കൃഷിചെയ്യാനുള്ള സൗകര്യക്കുറവുകൊണ്ടാണു്. എന്നാൽ നമ്മുടെ ഭക്ഷ്യാല്പാദനം പലതികൊണ്ടു് ഉല്പാദനം വർദ്ധിപ്പിക്കാൻ കുറെയൊക്കെ സാധിച്ചിട്ടില്ലെന്നും പറയുന്നില്ല. എന്നിരുന്നാലും നമ്മുടെ പരിശ്രമം അതർഹിക്കുന്ന തരത്തിൽ ഉള്ള ഫലമുണ്ടാക്കിയിട്ടില്ല. ജലസേചന പദ്ധതിമൂലം കൃഷിക്കു പ്രോത്സാഹനം കൊടുക്കുന്നതിനേയും ഞാൻ ഈ അവസരത്തിൽ വിസ്മരിക്കുന്നില്ല. എങ്കിലും എന്റെ അഭിപ്രായത്തിൽ വളമില്ലാത്തവക്കു് ആവശ്യാനുസരണം വളം വിതരണം ചെയ്തിരുന്നുവെങ്കിൽ കർഷകനു് കൂടുതൽ വിളവുല്പാദിപ്പിക്കാൻ സാധിക്കുമായിരുന്നു. രാജ്യത്തിന്റെ ഏതുമൂലയിൽ ചെന്നു നോക്കിയാലും വളം കിട്ടുന്നില്ലെന്നുള്ള മുറവിളിയാണു് കേൾക്കാവുള്ളതു്. എന്നാൽ ഗവണ്മെന്റിന്റെ സകല കഴിവുകളും പ്രയോഗിച്ചിട്ടു് ഈ പ്രശ്നത്തിനു് ഒരു പരിഹാരവും ഉണ്ടാകാതെയാണിരിക്കുന്നതു്. ഈ പരിതസ്ഥിതിയിൽ ഇവിടെ മാത്രമല്ല ഇൻഡ്യയിലാകമാനം വളം ആവശ്യമായിരിക്കുകയാണു്.

നമുക്കാവശ്യമുള്ള വളത്തിനുവേണ്ടിവരുന്ന നിലക്കടലപ്പിണ്ണാക്കു് കിട്ടുന്നതിനു് വിഷമമാണെന്നു നമ്മെ അറിയിച്ചിട്ടുണ്ടു്. അതേസമയം നമുക്കു് ഏറ്റവും അത്യാവശ്യമുള്ള ഒരു സാധനവുമാണു് അതു്. ഈ നിലക്കടലകൃഷി ഇവിടെ ചെയ്യാൻ സാധിക്കുമോ എന്നു പരിശ്രമിച്ചുനോക്കേണ്ടതാണു്. എങ്ങനെയായാലും ഈ സാധനത്തിന്റെ ആവശ്യം കൃഷിയെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാൻ വയ്യാത്ത സ്ഥിതിക്കു് ഇൻഡ്യാ ഗവണ്മെൻറിന്റെ സഹായത്തോടുകൂടിയോ അല്ലെങ്കിൽ മുറതെങ്കിലും ഗവണ്മെൻറിന്റെ സഹായത്തോടുകൂടിയോ ഈ കായ്യം നിർവ്വഹിക്കാൻ ഗവണ്മെൻറു് ശ്രമിക്കേണ്ടതാണു്. കഴിഞ്ഞ ആണ്ടിനേക്കാൾ ഇപ്പോൾ പിണ്ണാക്കിനു് വില കുറവാണെന്നു കൃഷി ഡയറക്ടർ എന്നോടു് പറയുകയുണ്ടായി. എങ്കിലും ആവശ്യമനുസരിച്ചു് വാങ്ങുന്ന അവസരത്തിൽ വില കൂടുതൽ കൊടുക്കുകതന്നെ വേണം. ആയതിനാൽ കൃഷിയെ മാത്രമാശ്രയിച്ചു ജീവിക്കുന്ന നമ്മുടെ രാജ്യം കൃഷിയിൽ അധിപ്രതിപത്തിയുണ്ടാക്കുന്നതിനുവേണ്ടി ഗവണ്മെൻറിന്റെ സകല കഴിവുകളും ഉപയോഗിച്ചു കിട്ടുന്നിടത്തോളം വളം ശേഖരിച്ചു വിതരണം ചെയ്യണമെന്നപേക്ഷിച്ചുകൊണ്ടു് പ്രമേയത്തെ അനുകൂലിക്കുന്നു.

മിസ്റ്റർ സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും വീണ്ടും രണ്ടു മണിക്കു് കൂടുന്നതുമാണു്.

The House rose for lunch at 1 p.m. and re-assembled at 2 p.m. with Mr. Speaker in the Chair

Resolution Regarding Supply of Manure *(cont.)*

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ഞാൻ നിലക്കടലപിണ്ണാക്കിനെപ്പറ്റി പറയുകയായിരുന്നു. നമ്മുടെ ആവശ്യത്തിനു തക്കവണ്ണം അതു ഇവിടെ സുലഭമായി കിട്ടാത്തതുകൊണ്ടു് അതിനുപകരം പുന്നയ്ക്കാ പിണ്ണാക്കോ മരവട്ടിക്കാ പിണ്ണാക്കോ സുലഭമായി കിട്ടുവാൻ ഗവണ്മെൻറു ശ്രമിക്കേണ്ടതാണു്. അതിനു് സാദ്ധ്യതയുണ്ടോ, അതു എങ്ങനെ, എവിടെയെല്ലാം സുലഭമായി ഉണ്ടാക്കാം, എന്നെല്ലാം അന്വേഷിച്ചു് അതിലേക്കു് ഏതെങ്കിലും ഒരു പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. K. Chellappan Pillai]

ഉണ്ടാക്കുന്നതു നന്നായിരിക്കുമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഇതിനു മുൻപു് ഓണാട്ടുകരയിലും മറ്റും നിലക്കടലപ്പിണ്ണാക്കിനു പകരം ഈ വളമാണു ചേർത്തുവന്നിരുന്നതു്.

ഇനി ഗവൺമെൻറിൽനിന്നും വിതരണം ചെയ്യുന്ന കൃത്രിമവളത്തെക്കുറിച്ചാണു് എനിക്കു പറയുവാനുള്ളതു്. ഇതിനുമുൻപു് മിക്സ്ചറായിട്ടാണു് ഗവൺമെൻറു വളം വിതരണം ചെയ്തിരുന്നതു്. എന്നാൽ അതിനെതിരായി തീഷ്ണമായ പ്രക്ഷോഭണംതന്നെ ഉണ്ടായി. അതിൻറെ ഫലമായി ഗവൺമെൻറു വളം മിക്സ്ചറായി കൊടുക്കേണ്ടാ എന്നു തീരുമാനിച്ചു. ആ മിക്സ്ചറിൽ വളരെ മായം കലരുന്നുണ്ടെന്നാണു പരാതി. ഓണാട്ടുകരയിൽത്തന്നെ ഒരാണ്ടിൽ ഈ മിക്സ്ചർവളം ഉപയോഗിച്ചതുകൊണ്ടായിരിക്കണം കൃഷി പഴുത്തുപോകുകയുണ്ടായി. അതിനെപ്പറ്റി ഇവിടെ ഒരു അടിയന്തിരപ്രമേയം കൊണ്ടുവരികയും ഗവൺമെൻറു അന്വേഷിക്കാം എന്നു മറുപടി പറയുകയും ചെയ്തു. കൃത്രിമവളത്തിൻറെ ഉപയോഗത്തെപ്പറ്റിത്തന്നെ ആശങ്കയുള്ളവർ ഈ രാജ്യത്തുണ്ടു്. യഥാസ്ഥമായ പരിശോധനയൊ പരീക്ഷണമൊ കൂടാതെയാണു് ഗവൺമെൻറു ഓരോ സ്ഥലത്തും ഈ വളം കൊടുക്കുന്നതു്. ഗവൺമെൻറിൽനിന്നൊ, ഡിപ്പാർട്ടുമെൻറിൽനിന്നൊ വേണ്ട പരീക്ഷണം നടത്തിയശേഷമാണു് വളം കൊടുക്കുന്നതു എന്നു പറയുമായിരിക്കാം. ഗവൺമെൻറു വേണ്ട അന്വേഷണവും പരീക്ഷണവും നടത്തിയുമിരിക്കാം. എതായാലും സായിൽ അനാലിസിസു് വേണ്ടതരത്തിൽ ചെയ്തു ആവശ്യമുള്ള കൃത്രിമവളം ഓരോ സ്ഥലത്തും കൊടുക്കത്തക്കവണ്ണം നമുക്കു് കൃത്രിമവളം ലഭിക്കുന്നുണ്ടൊ എന്നും, അതിനുള്ള സാഹചര്യം ഉണ്ടൊ എന്നും സംശയമാണു്. കൃത്രിമവളത്തിൻറെ ശാസ്ത്രീയമായ പ്രയോജനത്തെപ്പറ്റിത്തന്നെ രണ്ടഭിപ്രായമുണ്ടു്. ഈയിടെ മോഡേൺ റിവ്യൂവിൽ ഒരു ലേഖനത്തിൽ ഞാൻ വായിക്കുകയുണ്ടായി, അമേരിക്കയിൽ ഇപ്പോൾ ഉപയോഗിച്ചുപോരുന്ന രീതിയിൽ കൃത്രിമവളം ഉപയോഗിക്കുന്നപക്ഷം രണ്ടുകൊല്ലംകൊണ്ടു് അമേരിക്ക മുഴുവൻ മരുഭൂമിയായിപ്പോകുകയില്ലയോ എന്നു സംശയിക്കുന്നതായിട്ടു്. പുരാതനകാലംമുതൽ ധാന്യം കൃഷിചെയ്യുന്ന രണ്ടു മഹാരാജ്യങ്ങളിൽ ഒന്നു ഇൻഡ്യയും മറ്റതു് ചൈനയുമാണു്. ഈ കാലങ്ങളത്രയും കൃഷിചെയ്തിട്ടും ഭൂമിയുടെ ഫലഭൂയിഷ്ഠതയ്ക്കൊ അതിൻറെ നല്പിനൊ യാതൊരു കുറവും വരാതെ ഇന്നും ഒരേതരത്തിൽ വിളവു തന്നുകൊണ്ടിരിക്കുന്ന ആ പദ്ധതി മാറ്റി പത്തൊ അഞ്ചുതോ വർഷത്തെമാത്രം പഴക്കമുള്ള പുതിയ പദ്ധതി ഏർപ്പെടുത്തുന്നതു് ആലോചിച്ചു മാത്രം ചെയ്യേണ്ടതാണെന്നാണു് എൻറെ അഭിപ്രായം. ഇൻഡ്യൻ പ്രസിഡൻറു് ശ്രീ. രാജേന്ദ്രപ്രസാദു് കഴിഞ്ഞയാണ്ടിൽചെയ്ത ഒരു പ്രസ്താവനയിൽ, നാം വളരെ സൂക്ഷിച്ചുവേണം കൃത്രിമവളം ഉപയോഗിക്കുന്ന രീതി അംഗീകരിക്കുവാനെന്നും, ചാണകം, ചാരം, പച്ചില മുതലായ വളങ്ങൾ ഉപയോഗിച്ചുതന്നെ കൃഷിചെയ്യുവാനാണു നാം ശ്രമിക്കേണ്ടതെന്നും പറയുകയുണ്ടായി. ആ അഭിപ്രായം ഇപ്പോൾ വളർന്നുവരുന്നുണ്ടു്. അമേരിക്കയിൽ മണ്ണിരയെക്കൊണ്ടു വളമുണ്ടാക്കാൻവേണ്ടി മണ്ണിരയുടെ കൾച്ചർപോലും ഉണ്ടാക്കി വിതരണം ചെയ്യുന്നു. ഗവൺമെൻറു ഇതേപ്പറ്റി ആലോചിക്കേണ്ടതാണു്.

വളം വിതരണം ചെയ്യുമ്പോൾ അതു വാങ്ങേണ്ടതെങ്ങനെയാണെന്നും ആലോചിക്കണം. ഇതിലേക്കു് ഒരു ജനകീയ കമ്മിറ്റിയെ ഏർപ്പെടുത്തി ആവശ്യമുള്ള വളം ഈ കമ്മിറ്റിമുഖാന്തിരം വാങ്ങിക്കുവാൻ ഏർപ്പാടു ചെയ്യുന്നതു നന്നായിരിക്കുമെന്നാണു എനിക്കു തോന്നുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റ്റി. റ്റി. കേശവൻശാസ്ത്രി: സർ, മി. കുഞ്ഞുകൃഷ്ണൻ അവധാനപൂർവ്വം വിചിന്തനംചെയ്ത സഭയുടെ അംഗീകാരത്തിനായി അവതരിപ്പിച്ചിട്ടുള്ള ഈ പ്രമേയത്തെ ഞാൻ ഹൃദയപൂർവ്വം അനുകൂലിക്കുന്നു. പ്രമേയം വളത്തിന്റെ വിതരണവും കർഷകർക്ക് ഗവൺമെന്റിൽനിന്നും ചെയ്യേണ്ട ആനുകൂല്യവും പ്രത്യേകം ധ്വനിപ്പിക്കുന്നതാണെന്നിരുന്നാലും ഇതു് സൂക്ഷിക്കുന്നപക്ഷം ഈ കർഷകർക്ക് സുലഭമായും ആദായകരമായും വളം ലഭിക്കുന്നതിനു് ഉപയുക്തമായ വിധത്തിൽ വേണ്ട പദ്ധതികൾ ഗവൺമെന്റു് ആസൂത്രണംചെയ്ത നടപ്പിൽ വരുത്തണമെന്നുള്ളതാണെന്നു കാണാൻ കഴിയും. ഈ പ്രമേയത്തിന്റെ സാദ്ധ്യതയ്ക്കു് നിയമസഭ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും തീരുമാനത്തിലെത്തിച്ചേരുകയും ചെയ്യുന്നതു് അത്യാവശ്യംതന്നെയാണു്. ഇന്നത്തെ ജീവൽപ്രശ്നം ആഹാരകാര്യമാണെന്നുള്ള വസ്തുത ആരും സമ്മതിക്കും. തിരുവിതാംകൂർ കൊച്ചി സംസ്ഥാന നിയമസഭ ഈ കാര്യം ഗൗരവമായി ആലോചിക്കുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നതു നിശ്ചയമായും സന്ദർഭോചിതംതന്നെയാണു്. വളം പരക്കെ കിട്ടുന്നില്ല. വളം ആവശ്യത്തിനു ഉപയോഗിക്കാതിരുന്നാൽ കൃഷിയുടെ വർദ്ധനവു് കുറയുകയേ ഉള്ളൂ. ഈ സംസ്ഥാനത്തെ ബഹുലക്ഷം ജനങ്ങളുടെ നിത്യാഹാരമായിത്തിന്നിരിക്കുന്ന മരച്ചീനിയുടെ വിളവു് വളക്കുറവുകൊണ്ടു ദൈനംദിനം കുറഞ്ഞുകൊണ്ടുവരുന്നു. സർ, കുട്ടനാട്ട കർഷകസംഘം അടിയന്തിരമായി സമ്മേളിക്കുകയും നെൽകൃഷിക്കു് ഗവൺമെന്റിന്റെയും കൃഷിഡിപ്പാർട്ടുമെന്റിന്റെയും ആനുകൂല്യത്തിനുവേണ്ടി പ്രത്യേകം അഭ്യർത്ഥിക്കുകയും ചെയ്തിരിക്കുന്നു. അവർ പുറപ്പെടുവിച്ചിട്ടുള്ള ഒരു പ്രസ്താവനയിൽ പൊതുജനങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു് ഒരുഭാഗത്തു പറയുന്നതു് ഈ സമ്മേളനത്തിൽ കർഷകരോടു് അനുഭാവമുള്ള നിയമസഭാസാമാജികന്മാരുടെയും സാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതാണെന്നാണു്. ആ വാചകത്തിൽനിന്നും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നതു് നിയമസഭാസാമാജികന്മാരിൽ കുറേപ്പേരെങ്കിലും കർഷകരോടും കാർഷികതാല്പര്യങ്ങളോടും വൈമുഖ്യം കാണിക്കുന്നുവെന്നാണു്. ഏറ്റവും വൈഷമ്യമേറിയ ഈ സന്ദർഭത്തിൽ ഗവൺമെന്റു് ഒരുപടി മുന്നോട്ടുകടന്നു് കർഷകരേയും കാർഷികവൃത്തിയേയും പ്രോത്സാഹിപ്പിക്കേണ്ടതു അത്യാവശ്യമാണു്. അതിൽ പ്രധാനമായി വളം വിതരണക്കാര്യത്തിലും കൂടുതൽ കൃത്രിമവളനിർമ്മാണകാര്യത്തിലും ആണു്. ഗവൺമെന്റും കൃഷിഡിപ്പാർട്ടുമെന്റും മൻകൈ എടുത്തു പ്രവർത്തിക്കേണ്ടതായിട്ടാണിരിക്കുന്നതു്. നമ്മുടെ ഗവൺമെന്റു ഈ അടുത്ത സന്ദർഭത്തിൽ മരച്ചീനികൃഷിയുടെ വികസനത്തിനും വിളവിന്റെ വർദ്ധനവിനും അങ്ങനെ കൂടുതൽ വരുന്ന വിളവു് സംസ്ഥാനത്തിനു വെളിയിൽ അയയ്ക്കുന്നതിനും പര്യാപ്തമായ ഒരു പദ്ധതി ആസൂത്രണം ചെയ്യുകയും, അതിനു് വേണ്ട പരിശോധനകൾ നടത്തുകയും ചെയ്യാൻ സംഗതിയായതിൽ ജനങ്ങൾ ഗവൺമെന്റിനെ മുക്തകണ്ഠം പ്രശംസിക്കുന്നു. ജനങ്ങളെ അഭിമുഖീകരിക്കുന്ന ഏറ്റവും വൈഷമ്യമേറിയ പ്രശ്നങ്ങളിൽ ഗവൺമെന്റും നിയമസഭയും സന്ദർഭാനുസരണം പ്രവർത്തിക്കുന്നു എന്നു വന്നാൽ നിശ്ചയമായും ദാരിദ്ര്യത്തിന്റെയും അവശതയുടെയും പേരിൽ വളരെ ക്ലേശങ്ങൾ അനുഭവിക്കുന്ന സാമാന്യ ജനങ്ങളുടെയും കർഷകജനതയുടെയും പിൻതുണ വേണ്ടവിധം ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല.

കൃഷകജീവിതം പ്രത്യുദ്ധരിക്കണം
കാലാനുകൂല സംസ്കാരപൂർവ്വം.

ഒരു കാര്യംകൂടി പറയുവാൻ ഞാൻ ഈസമയം ഉപയോഗിച്ചുകൊള്ളുന്നു. ഇന്നത്തെ ഫുഡ്മിനിസ്റ്റർ ശ്രീ. കെ. എം. കോര, നിശ്ചയമായും കർഷകരുടേയും കർഷക പ്രവർത്തികളിൽ മൻകൈ എടുത്തുകൊ

[Sri. T. T. Kesavan Sastri]

ണ്ടിരിക്കുന്ന പല പല സമിതികളുടേയും നേതൃത്വത്തിൽ നിന്നുകൊണ്ട് മുമ്പൊരു സന്ദർഭത്തിൽ മിനിസ്റ്റർ ആയിരുന്നപ്പോഴും, മിനിസ്റ്റർ പദത്തിൽനിന്നു പിൻവാങ്ങിയ സന്ദർഭത്തിലും, ഉറച്ച നിലയിൽ, സാമാന്യ ജനങ്ങളുടെ പ്രശംസ ആർജ്ജിച്ചിട്ടുള്ള ആളാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഈ ഡിപ്പാർട്ടുമെൻറ മുന്നോട്ടുവരുന്നു. അറിയുന്നവരുടെ അഭിപ്രായങ്ങൾക്കുള്ള നിലയും വിലയും മതിപ്പും ഒന്നു വേറെതന്നെയാണല്ലോ. Contd.

Sri. K. Sivarama Pillai: Sir, I support this resolution. I do not think there is any difference of opinion so far as this House is concerned on this matter. Considering the food situation in our State and also the availability of land, the only thing we can do is to increase food production for which we have to concentrate on intensive cultivation. No doubt, manure plays an important part and we have the assurance of the hon. Finance Minister that this Government is trying to get as much manure as possible. But this Government has to bear in mind one fact, and that is, however much we get manure in this place we must also know who the people are to buy it. The Government was saying that we are a deficit State to the extent of 60 per cent procurement of paddy and I may be permitted to say that they forcibly take paddy from poor agriculturists telling them that 60 per cent of the population are starving and sacrifice to that extent from the parties is essential and so on. There are also parties who on behalf of the labourers say that their wages are insufficient and so cry for increase in labour charges. So then the situation comes to this. The poor agriculturist has to give paddy at a much reduced rate and he has to pay increased wages to the labourers because of the urge made by the parties in their behalf. The parties sympathise with the case of labourers. Day by day increased wages are paid and the real agriculturist loses a lot in agricultural operations.

Sir, it is not only increased manure that is necessary for increasing production but it is the incentive for cultivation that ought to be created by Government. The Government can go to a village and see the condition of an agriculturist. They will readily see that an agriculturist is not at all interested in cultivation. To create an incentive, what Government should do is to give all facilities for him to produce paddy. The one thing that this Government can think of is to sell manure at subsidized rates to the agriculturists. Then alone people will buy and use it in their fields. At once the Treasury Benches will say whether they are not paying to an agriculturist four annas per head as manure subsidy. Sir, I may say that payment is being misused and it is not properly given to his benefit. After all, if manure is supplied at subsidized rates, as certain as anything it will find its way into paddy fields. No one can eat it. It will find its place only in the paddy fields and paddy could be grown then. Though Government says that they are prepared to lose even 5 crores of rupees they are not in a position to pay enhanced price for the paddy they get from the agriculturists. I would say that the agriculturists need be paid one crore as enhanced price for paddy. By so doing I am sure they will be able to produce more so that their losses may be little less. Then, Sir, there is another aspect, viz., the psychological aspect. Wherever an agriculturist goes, Government is not sympathetic towards him. The position is that even parties are not sympathetic towards an agriculturist. From time immemorial this has been so. I will give one instance. The agriculturists were collecting green manure from the mountains nearby, without paying a single cash. When there is the cry for 'grow more food' and intensive cultivation at this moment, green leaf manure is taxed. After all, this is a small matter for Government and from an agriculturist's point of view, it will yield good results. Look at the psychological aspect. Everybody will say that even green manure is taxed. Is it the way in which Government

LIBRARY ARCHIVES Kerala Legislative Assembly

encourages the poor agriculturist? So far as other kinds of manure are concerned, we cannot produce them in our places. Of course, it is very good literature to read how compost manure could be manufactured in our places. Even on a small scale it is impossible to manufacture it in the villages of South Travancore because sufficient space is not available to make that kind of manure. According to the type of villages existing there, each house cannot have a pit for compost manure. It is easy to say all these things for Government. But we have to look to the practical aspect of the question. Taking into consideration all these matters, it is much better for Government to get as much manure as possible from outside and distribute it as such to the needy agriculturists. It is essential that each place must be given at subsidized rates. I have to make one more suggestion in this context, with regard to the percentage of manure to be allotted to the agriculturists. Compared to paddy growing areas in Travancore, the largest percentage of paddy is collected from South Travancore. When it comes to distribution of manure to that area, and that at subsidized rates, it is the lowest percentage. The principle should be to allot a higher percentage of manure to the taluk that gives the maximum procurement so that the agriculturists there may have an incentive to produce more paddy and to some extent thereby redress the food situation in our State.

ധനകാര്യവും, കൃഷിവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര): സർ, ഈ സഭയിലെ ബഹു: മെമ്പർമാർ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞാൻ ശ്രദ്ധാപൂർവ്വം കേൾക്കുകയുണ്ടായി. വിവിധ പാർട്ടികളിലുള്ള ബഹു. മെമ്പർമാർ എല്ലാവരും അഭിപ്രായവ്യത്യാസം കൂടാതെ കർഷകർക്ക് സുലഭമായും ആദായകരമായും വളം ലഭ്യമാക്കേണ്ടതിനു ഉപയുക്തമായ പദ്ധതി ആസൂത്രണം ചെയ്യണമെന്നു നിർദ്ദേശിക്കുകയുണ്ടായി. ഈ സന്ദർഭത്തിൽ ഗവർമ്മെൻറ് ഇതുപര്യന്തം ഈ കാര്യത്തിൽ ചെയ്തിട്ടുള്ളസംഗതികളും നിങ്ങളുടെശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. വളം വളരെ അത്യാവശ്യമാണെന്നും വളം സുലഭമായി കൊടുത്തില്ലെങ്കിൽ ആഹാരദൌർലഭ്യം നിമിത്തം വിഷമിക്കുന്ന നാം കൂടുതൽ വിഷമിക്കുവാൻ ഇടയാകുമെന്നും ഗവർമ്മെൻറിനു ബോദ്ധ്യമായതുകൊണ്ടാണു് ഒരു വലിയ സംഖ്യ ഈ കാര്യത്തിനു ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നതു്. നമുക്കു് ഇവിടെ ആവശ്യമായ കെമിക്കൽ വളങ്ങളിൽ എഫ്. എ. സി. ടി. യിൽനിന്നു അമോണിയം സൽഫേറ്റും സൂപ്പർ ഫാസ്ഫേറ്റും സുലഭമായി ഇപ്പോൾ കിട്ടുന്നുണ്ടു്. മുമ്പു് ഇതു് നമ്മുടെ ഡിപ്പാർട്ടുമെൻറു് മുഖേനയാണു് വിതരണം ചെയ്തിരുന്നതു് എങ്കിലും ഇപ്പോൾ കമ്പനി അധികൃതർ ഡിപ്പാർട്ടുമെൻറിന്റെ നിർദ്ദേശപ്രകാരം ആവശ്യമുള്ള എല്ലാസ്ഥലങ്ങളിലും ഡിപ്പോകൾ സ്ഥാപിച്ചു് വിതരണം ചെയ്യുന്നുണ്ടു്. പിന്നിട്ടു് നമുക്കു് ആവശ്യമായിട്ടുള്ളതു് ബോൺമീലും പിണ്ണാക്കുമാണു്. ഇതു രണ്ടും ഒരുകാലത്തു്, രണ്ടോ മൂന്നോ വർഷങ്ങൾക്കു മുമ്പു്, നെല്ലിനു വളമായിട്ടു് ഉപയോഗിക്കുന്നതായാൽ അതു് ദോഷകരമായിത്തീരുമെന്നു ഒരു ധാരണ കർഷകർക്കുണ്ടായിരുന്നു. ഡിപ്പാർട്ടുമെൻറിന്റെ പരിശ്രമംകൊണ്ടും ഉദ്യോഗസ്ഥന്മാരുടെ നിർബന്ധപൂർവ്വമായ പരിശ്രമംകൊണ്ടും അതൊരു തെറ്റിധാരണയുടെ ഫലമാണെന്നു ബോദ്ധ്യപ്പെടുത്തുകയും ഇപ്പോൾ കർഷകർ വളം കൂടുതൽ കൂടുതലായി വേണമെന്നു മുറവിളി കൂട്ടുകയും ചെയ്തുകൊണ്ടിരിക്കുകയാണു്. ഇക്കൊല്ലത്തിലാണെങ്കിൽ, ഇനി ശേഷിച്ചിരിക്കുന്ന ആറുമാസത്തെ കൃഷിക്കായി ഞാൻ കാലത്തു് പ്രസ്താവിച്ചപോലെ ൭ ൦ ൦ ടൺ വളമാണു് ആവശ്യമുള്ളതു്. രണ്ടായിരത്തി അഞ്ഞൂറടൺ വളം നമ്മുടെ സ്റ്റോക്കിലുണ്ടു്. ൫ ൫ ൦ ൦ ടൺ വളം യൂണൈറ്റഡ് പ്രോവിൻസിൽനിന്നും നമുക്കു കയറ്റി അ

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. M. Korah]

യച്ചിരിക്കുന്നു. പോരാതെ അത്യാവശ്യമുള്ള വളങ്ങളും കൃഷിക്കാർക്കു കാലാകാലങ്ങളിൽ കിട്ടുന്നതിനു കഴിവുള്ള എല്ലാ നടപടികളും ശീഘ്രഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നു് ഞാൻ ബഹു. മെമ്പർമാരെ അറിയിച്ചുകൊള്ളുന്നു. വിതരണത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഇന്നു ഡിപ്പാർട്ടുമെൻറിന്റെ ചുമതലയിൽ രണ്ടു ഡിപ്പാർട്ടുമെൻറൽ ഡിപ്പോകളും ഈ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് നടത്തിവരുന്നുണ്ടു്. അതിനുപുറമേ നാലു എജൻസി ഡിപ്പോകളും നമ്മുടെ സംസ്ഥാനത്തു് പ്രവർത്തിച്ചുവരുന്നുണ്ടു്. ഈ സംഗതിയിൽ ഗവൺമെൻറിന്റെ ഉദ്ദേശം നിവർത്തിയുള്ളിടത്തോളം പകുതികാലം തോറും ഡിപ്പോകൾ സ്ഥാപിച്ചു് വിതരണം നടത്തണമെന്നുള്ളതാണു്. ഡിപ്പോകൾ നടത്തുന്നതിനു കോവാപ്പറേറീവു സൊസൈറീസു് ഇല്ലെങ്കിൽ അർഹന്മാരായ വ്യക്തികൾ മുന്നോട്ടുവന്നാൽ എല്ലാ സ്ഥലങ്ങളിലും ഡിപ്പോകൾ സ്ഥാപിക്കുന്നതിനു കഴിവുള്ള എല്ലാ സഹായങ്ങളും ഗവൺമെൻറു ചെയ്തുകൊടുക്കുന്നതാണു്. കഴിഞ്ഞ രണ്ടു സംവത്സരങ്ങളായി ഈ ഗവൺമെൻറു് ഇതുമൂലം നഷ്ടപ്പെട്ടിട്ടുള്ള സംഖ്യയും നിങ്ങളുടെശ്രദ്ധയിൽ ഞാൻ വിഷയീഭവിപ്പിച്ചുകൊള്ളുന്നു. ഫർട്ടിലൈസർ ഗ്രാൻറിൽ നിന്നു ഏതാണ്ടു പതിനാറു ലക്ഷം രൂപായുടെ വളം നാം വാങ്ങിച്ചിരുന്നു. അതിൽ പതിനൊന്നു ലക്ഷം രൂപാ ഈ ഗവൺമെൻറു സബ്സിഡി ഇനത്തിൽ കർഷകർക്കു് കൊടുത്തതുമൂലം നഷ്ടമുണ്ടായിട്ടുണ്ടു്. കഴിഞ്ഞകൊല്ലത്തിൽ പന്ത്രണ്ടു ലക്ഷം രൂപായുടെ വളം വാങ്ങി. നൂറു രൂപ സബ്സിഡി ഇനത്തിൽ നഷ്ടപ്പെടുവാൻ ഇടയായിട്ടുണ്ടു്. ഈ കാര്യത്തിൽ എത്ര സംഖ്യ ചിലവുചെയ്താലും കൂടുതലായിപോകുമെന്നുള്ള മനോഭാവം ഗവൺമെൻറിനില്ല. നിങ്ങൾക്കറിവുള്ളതുപോലെ ഗവൺമെൻറിന്റെ സാമ്പത്തിക കഴിവുകൾക്കു വിധേയമായി ഈ കാര്യത്തിൽ വേണ്ട ശ്രദ്ധപതിപ്പിച്ചുകൊള്ളാമെന്ന മാത്രമേ എനിക്കു ഇപ്പോൾ പറയുവാൻ സാദ്ധ്യമുള്ളൂ. ഇന്നത്തെ വിലയ്ക്കു വളം വാങ്ങിത്തക്ക കഴിവു കൃഷിക്കാർക്കു് ഇല്ലെന്നു ഗവൺമെൻറിനറിയാം. വളം ഒരു ഇനത്തിൽ രണ്ടുകൊല്ലംമുമ്പു് ഒരു പ്രത്യേക സ്ഥലത്തെ കൃഷിക്കാർക്കു, കുട്ടനാടൻ കൃഷിക്കാർക്കു്, ൪൦ ശതമാനം സബ്സിഡിയും ഇതരസ്ഥലങ്ങളിലുള്ള കൃഷിക്കാർക്കു് ൨൫ ശതമാനം സബ്സിഡിയും കൊടുത്തിരുന്നു. അതിനു ശേഷം ഒരു ഏകീകരണത്തിനുവേണ്ടി എല്ലാ കൃഷിക്കാർക്കും ഒരുപോലെ ൨൫ ശതമാനം സൗജന്യം കൊടുത്തിരുന്നു. അതിന്റെശേഷം അതു നാലണ സബ്സിഡി എന്ന നിലയിൽ ആക്കി. ഇപ്പോൾ അതേ രൂപത്തിൽ ഇരിക്കുകയാണു്. മിസ്റ്റർ ശിവരാമപിള്ള സൂചിപ്പിച്ച തരത്തിൽ നിലവിലുണ്ടായിരുന്ന സബ്സിഡി കഴിഞ്ഞ മേയ്മാസത്തിൽ നിർത്തുവാൻ ഇടയാകയും ചെയ്തിട്ടുണ്ടു്.

ഈ നാലണ സബ്സിഡികൊണ്ടു് കർഷകർക്കു് പ്രയോജനമില്ലെന്നും അതിനേക്കാൾ ഭേദം സബ്സിഡി വളംമൂലം കൊടുക്കുന്നതായിരിക്കും നല്ലതു് എന്നും മി. ശിവരാമപിള്ള അഭിപ്രായപ്പെടുകയുണ്ടായി. ഈ റസല്യൂഷൻ വരുന്നതിനു് മുമ്പുതന്നെ ആ സംഗതി ഗവൺമെൻറിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ളതും കർഷകർക്കു് പ്രോത്സാഹനം ഉണ്ടാകത്തക്കവിധത്തിലും കമ്പോളയിൻറ്സു് ഒന്നും ഉണ്ടാകാത്തവിധത്തിലും ഒരു പദ്ധതി ആസൂത്രണംചെയ്യുന്നതിനെപ്പറ്റി ഗവൺമെൻറു ഗാഢമായി ചിന്തിച്ചുകൊണ്ടിരിക്കുകയുമാണു്. ഈ ആലോചന പുരോഗമിച്ചുകൊണ്ടിരിക്കയാണെന്നും ഈ കാര്യത്തെ ഈ ഗവൺമെൻറിന്റെ സാമ്പത്തിക കഴിവുകൾക്കു വിധേയമായവിധത്തിൽ അനുഭാവപൂർവ്വം വീക്ഷിക്കുന്നതാണെന്നും ഞാൻ ഈ സഭക്കു് ഉറപ്പുനല്കിക്കൊള്ളുന്നു.

ശ്രീ. എ. പി. ഉദയഭാനു പറയുകയുണ്ടായി കെമിക്കൽ വളങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാമ്പത്തികകഴിവുകൾ നമ്മുടെകർഷകർക്കില്ലെന്നു്. ഏറിയഭാഗം

LIBRARY ARCHIVES Kerala Legislative Assembly

കർഷകരെ സംബന്ധിച്ചിടത്തോളം അതു് ശരിയാണു് അതിനാണു് പച്ചിലവള വും കമ്പോസ്റ്റ്വളവും കൂടുതൽ കിട്ടുന്നതിനു ഏർപ്പാടു ചെയ്തിരിക്കുന്നതു്.

മറെറാരു നിർദ്ദേശം ഉണ്ടായിട്ടുള്ളതു് കർഷകനു് വളം രൊക്കം വിലക്കുവാ ങ്ങിച്ചു് കൃഷിചെയ്യാനുള്ള കഴിവു് ഇല്ലെന്നാണു്. എന്നാൽ നാളിതുവരെ ചെ യ്തുകൊണ്ടുവന്നിട്ടുള്ളതു് ക്രോപ്പു് ലോണിൽ വളം കടംകൊടുത്തുവരികയാണു്. ഈ പദ്ധതി തുടരുകയും ചെയ്യും. ക്രോപ്പ്ലോൺ പദ്ധതി അനുസരിച്ചു എല്ലാ ആളുകൾക്കും ലോൺ കിട്ടുന്നില്ല എന്നൊരാക്ഷേപവും ഉണ്ടായേക്കാം. എന്നാൽ ചില സന്ദർഭങ്ങളിൽ എല്ലാവർക്കും കൊടുക്കാൻ നിവൃത്തിയില്ലാതെ വരുമെന്നു മാന്യ. മെമ്പറന്മാർ അറിയേണ്ടതാണു്.

ശ്രീമാൻ കാപ്പന്റെ നിർദ്ദേശമായ ടൈറോപദ്ധതി വളരെ നല്ല ഒരു പദ്ധതിയാണു്. അതു നടപ്പിലാക്കിയാൽ വളരെ ശോഭനമായ ഒരു ഭാവി ഉ ണ്ടാകാവുന്ന ഒരു പദ്ധതിയാണു്. ആ നിർദ്ദേശവും അതർഹിക്കുന്ന പ്രാധാന്യ ത്തോടുകൂടി ഗവണ്മെൻറ് ചിന്തിച്ചു പരീക്ഷണം നടത്തുന്നതായിരിക്കും.

കൂട്ടവളത്തെ സംബന്ധിച്ചാണെങ്കിൽ കൂട്ടവളം വാങ്ങണമെ ന്നു നിർബ്ബന്ധമുണ്ടായിരുന്നു എങ്കിലും ഇന്നു കർഷകനെ യാതൊരു കാരണ വശാലും നിർബ്ബന്ധിക്കുന്നില്ല. മേലാൽ നിർബ്ബന്ധിക്കുകയുമില്ല. ഇഷ്ടമുള്ള വളം വാങ്ങുന്നതിനു് കർഷകർക്കു്, സൌകര്യമുണ്ടായിരിക്കും. അതായതു സ്ഥല ത്തെ മണ്ണിനു് അനുയോജ്യമായ വിധത്തിലുള്ള വളം വിതരണം ചെയ്യണ മെന്നു നിർദ്ദേശമുണ്ടു്. ഡിപ്പാർട്ട്മെൻറിൽനിന്നും ഓരോ സ്ഥലത്തേയും മണ്ണു് അതായതു് നാഞ്ചിനാടു്, മാണാട്ടുകര, ചിറക്കൽ, കടനാടു് ഈ സ്ഥലങ്ങളിലെ മണ്ണു് പരിശോധന നടത്തി അതു സംബന്ധിച്ചുള്ള വിവരം ലീഫ് ലെറ്റ്സു് പരസ്യം ചെയ്തിട്ടുണ്ടു്. ആ പരസ്യങ്ങളിലേക്കു് ബഹുമാനപ്പെട്ട മെമ്പറന്മാ രുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

കുന്നുകാലിവളത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ, പൂർണ്ണമായി അതി നെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണു് ഈ സെഷനിൽ ഒരു കീ ഫാറ വും ഡിസീസു് ഇൻവെസ്റ്റിഗേഷൻ സെൻറേഴ്സു് തുടങ്ങാൻ വേണ്ടി പണം അനുവദിപ്പെട്ടതു്. ഇതിൽ കൂടുതലായി ഒന്നും പറയാനില്ല. ഈ പ്രമേയ ത്തിൽ അടങ്ങിയിരിക്കുന്ന തത്വം ഗവണ്മെൻറു് സ്വീകരിക്കുന്നു. ഏന്റെ മറു പടിയുടെ വെളിച്ചത്തിൽ ഈ റസല്യൂഷൻ ബഹുമാനപ്പെട്ട മെമ്പർ മി. കണ്ണ കൃഷ്ണൻ പിൻവലിക്കുമെന്നു വിശ്വസിക്കുന്നു.

Sri. K. Sivarama Pillai: What about the licence fee imposed for collecting manure?

ശ്രീ. കെ. എം. കോര: തലയിൽ ചുമ്മിക്കൊണ്ടുപോകുന്നതിനു കുറവാ മില്ല. വണ്ടിയിൽ കൊണ്ടുപോകുന്നതിനാണു് വില കൊടുക്കുന്നതു്.

Sri. K. Sivarama Pillai. Is the Government aware that from time immemorial there was no licence?

ശ്രീ. കെ. എം. കോര: ഒരു നോമിനൽ പ്രൈസു് മാത്രമേ വെച്ചിട്ടുള്ളൂ. തലയിൽ ചുമ്മി എത്രവേണമെങ്കിലും കൊണ്ടുപോകാം.

Mr. Speaker: Does the hon. Member press the resolution?

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയുടെ വെളിച്ചത്തിൽ ഞാൻ ഈ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

The resolution was, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly